UNIVERSITY LIBRARY
11 JUN 1935
MADRAS

കൈരളി

പുസ്തകം ൧൩. | ൧൧൧൦ കുംഭം | ലക്കം ൧൧.

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാവി.

[എ. ശങ്കരപ്പുതുവാൾ ബി. എ., ബി. എൽ.]

പ്രാഥമിക വിദ്യാഭ്യാസാദർശങ്ങളെപ്പററി പറയാവുന്നതെല്ലാം വിദഗ്ദ്ധന്മാർ പറഞ്ഞുകഴിഞ്ഞു. എന്നാൽ ഈ വിഷയത്തിൽ ജനസാമാന്യം പ്രദർശിപ്പിച്ചുകാണുന്ന അശ്രദ്ധയും അലസതയും ശോചനീയവും അത്ഭുതകരവുമായിരിക്കുന്നു. 'പിള്ളരുടെ' കളിയിലും പഠിപ്പിലും മുതിന്നവക്കു പ്രവേശിക്കേണ്ട വിഷയമില്ലെന്നു ചിലർ തെററിദ്ധരിച്ചു കാണുന്നുണ്ടു്. വീട്ടിലെ ശല്യത്തിന്നു പൊറുതി വരുമെന്നുദ്ദേശിച്ചു നാലും അഞ്ചും വയസ്സായ കുട്ടികളെ സ്കൂളുകളിലേയ്ക്കു് ഉന്തിത്തള്ളി അയയ്ക്കുന്ന രക്ഷിതാക്കന്മാരും ദുർല്ലഭമല്ല. ഈ നൂററാണ്ടു ശിശുക്കളുടെ വൈഭവത്തെ ഉജ്ജീവിപ്പിക്കുവാൻ ഉദ്യമിക്കുന്ന കാലമാണ്. രാഷ്ട്രീയബോധം വികസിച്ചു് ഏകനായകത്വം അമർത്തി ബഹുജനഭരണനയം നടപ്പിലാക്കുവാൻ എല്ലാ രാജ്യക്കാരും അശ്രാന്തപരിശ്രമം ചെയ്യുന്ന കാലമാണ്. ഇന്നത്തെ കുട്ടികളാണല്ലോ ഭാവിയിലെ പൌരന്മാർ. പൌരബോധം ദീർഘകാലത്തെ പരിശീലനംകൊണ്ടു സമ്പാദിക്കേണ്ടതും ആകസ്മികസംഭവങ്ങൾകൊണ്ടോ ഉന്മാദംകൊണ്ടോ ഉല്പന്നമാകുവാനോ നിലനില്പാനോ സാദ്ധ്യമല്ലാത്തതുമാകുന്നു.

പ്രാഥമിക വിദ്യാഭ്യാസം സിദ്ധിച്ചവരിൽ ഉപരിപഠനത്തിന്നു പ്രാപ്തിയും സൌകര്യവുമുള്ള കുട്ടികൾ പത്തിൽ രണ്ടോ മൂന്നോ മാത്രമേ ഇപ്പോൾ ഉള്ളതായി കാണുന്നുള്ളൂ. അതുകൊണ്ടു ഭാവിയിലെ പൌരന്മാരിൽ മുക്കാൽഭാഗവും പ്രാഥമികവിദ്യാഭ്യാസം മാത്രം സിദ്ധിച്ചവരായിരിക്കുമെന്നു സ്പഷ്ടമാണല്ലോ.

ബോംബേ സംസ്ഥാനത്തിലെ വിദ്യാഭ്യാസമെമ്പർ അഭിപ്രായപ്പെട്ടതുപോലെ, പ്രാഥമികവിദ്യാഭ്യാസം സാൎവ്വത്രികവും പ്രയോജനകരവുമാക്കിത്തീൎക്കാനാകുന്നു ഗവൎമ്മേണ്ടു് ഒന്നാമതായി പരിശ്രമിക്കേണ്ടതു്. ബോമ്പെ സംസ്ഥാനത്തു നിരക്ഷരകുക്ഷികളുടെ സംഖ്യ കൊച്ചിശ്ശീമയിലേക്കാൾ എത്രയോ ശതമാനം കൂടുതലാണു്. ജനസാമാന്യത്തിന്നു മാതൃഭാഷയിൽ എഴുതുവാനും വായിക്കുവാനും അത്യാവശ്യം കണക്കുകൂട്ടുവാനും അറിയാറാക്കുവാനുള്ള മാൎഗ്ഗങ്ങളെയാണു് ഇതരഗവൎമ്മേണ്ടുകൾ പ്രഥമമായി ചിന്തിക്കുന്നതു്. കൊച്ചിയാണെങ്കിൽ വിദ്യാഭ്യാസവിഷയത്തിൽ, വിശേഷിച്ചു പ്രാഥമികവിദ്യാഭ്യാസത്തിൽ മുന്നണിയിൽ എത്തിക്കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഉള്ള ഉന്നതിക്കു ഹാനിതട്ടാതെ പ്രാഥമികവിദ്യാഭ്യാസം സാൎവ്വത്രികമാക്കിത്തീൎത്തും അതിന്റെ രീതി പ്രയോജനകരമാകുംവിധത്തിൽ പരിഷ്കരിച്ചു് ഒരു നവീനപഠനരീതിയെ ക്രമപ്പെടുത്തുന്നതിന്നാണു നാം യത്നിക്കേണ്ടതു്.

ആറു വയസ്സു തികഞ്ഞതിന്നുശേഷമല്ലാതെ ഒരു ബാലനേയോ ബാലികയേയോ സ്കൂളുകളിൽ ചേൎത്തു പഠിപ്പിക്കുന്നതു ഗുണകരമല്ല. അതുവരെയുള്ള ശിക്ഷ രക്ഷിതാക്കന്മാർതന്നെ അവരവരുടെ ഗൃഹങ്ങളിൽവെച്ചു ചെയ്യേണ്ടതാകുന്നു.

പ്രാഥമിക വിദ്യാഭ്യാസം അഞ്ചോ ആറോ വൎഷങ്ങൾകൊണ്ടു പൂൎത്തിയാക്കാവുന്ന ഒരു രീതി ആസൂത്രണംചെയ്യേണ്ടതാണു്. ആറു ക്ലാസ്സുകളായി തരംതിരിച്ചു വിദ്യാഭ്യാസപദ്ധതി രൂപീകരിക്കുകയും സ്കൂൾ വിടുന്നതോടുകൂടി ഏതു വിദ്യാൎത്ഥിക്കും വിദ്യാൎത്ഥിനിക്കും എഴുത്തു്, വായന, കണക്കു് എന്നിവയ്ക്കു പുറമെ ഗൃഹഭരണം ശുചീകരണം, രാജ്യഭരണസമ്പ്രദായം മുതലായി ഒരു പൌരന്നു് അത്യന്താപേക്ഷിതമായ സാമാന്യബോധം ഉണ്ടാക്കിത്തീൎക്കുന്നതിന്നു പുറമേ ഉപരിവിദ്യാഭ്യാസത്തിന്നു സൌകൎയ്യമില്ലാത്തവൎക്കു കൃഷി-കൈത്തൊഴിൽ-കരകൌശലവിദ്യ മുതലായി ഉപജീവനമാൎഗ്ഗത്തിന്നുള്ള ഒരു തൊഴിൽ സുപരിചിതമാക്കുകയും വേണം. ഇപ്രകാരമുള്ള തൊഴിലഭ്യാസം മൂന്നാംക്ലാസ്സു മുതൽക്കു് ആരംഭിച്ചു നാലുകൊല്ലത്തെ പരിശീലനത്തിന്നു സൌകൎയ്യപ്പെടുത്തണം. ഒന്നും രണ്ടും ക്ലാസ്സുകളിൽ ആറാറു മാസക്കാലത്തെ പഠിപ്പു മതിയാകുമെന്നാണു് എന്റെ അഭിപ്രായം. എന്നാൽ ഈ ക്ലാസ്സുകളിലും ഓരോ കൊല്ലത്തെ പഠിപ്പുതന്നെ അത്യാവശ്യമാണെന്നു വിദഗ്ദ്ധന്മാർ ഭൂരിപക്ഷമായി അഭിപ്രായപ്പെടുന്നപക്ഷം ഞാൻ അതിന്നു വിരോധം പറയുന്നില്ല. ഇതുകൊണ്ടാണു് അഞ്ചോ ആറോ കൊല്ലങ്ങൾകൊണ്ടു പ്രാഥമിക വിദ്യാഭ്യാസം നിൎവ്വഹിക്കണ

മെന്നു പറഞ്ഞതു്. എല്ലാ പ്രാഥമിക സ്കൂളുകളിലും മാതൃഭാഷയ്ക്കു പുറമേ ഇംഗ്ലീഷുകൂടി പഠിപ്പിക്കേണ്ടതാകുന്നു.

പ്രാഥമിക ക്ലാസ്സുകളിൽ ആൺകുട്ടികളേയും പെൺകുട്ടികളേയും ഒന്നിച്ചു ചേർത്തു പഠിപ്പിക്കുന്നതിൽ യാതൊരു വൈഷമ്യവുമില്ല. ഇങ്ങിനെയുള്ള സഹവിദ്യാഭ്യാസം ഇരുവർഗ്ഗക്കാർക്കും ഗുണകരമായിരിക്കും. ബാലന്മാർക്കു തൊഴിലഭ്യാസത്തിന്നു ഏർപ്പാടുചെയ്യുന്നതുപോലെതന്നെ ബാലികമാർക്കു വാസനാ അനുസരിച്ചു സംഗീതം, തുന്നൽ, നെയ്ത്തു, ബാലപരിചരണം മുതലായ വിഷയങ്ങളിൽ പരിശീലനവും നൽകാവുന്നതാണല്ലോ.

സ്വയംഭരണം കാംക്ഷിക്കുന്ന ഈ കാലത്തു ഭാവിയിൽ ഈ ഭാരം വഹിക്കേണ്ടിവരുന്ന കുട്ടികളുടെ സംരക്ഷണയിലും വിദ്യാഭ്യാസത്തിലും നാം അലസത കാണിക്കുന്നതു് ഒട്ടുംതന്നെ ശരിയല്ല. ഒരു രാജ്യത്തുള്ള സകല ജനങ്ങളും പ്രഥമമായി നാട്ടിന്നുവേണ്ടിയും രണ്ടാമതായി അവരവരുടെ കുഡുംബങ്ങൾക്കുവേണ്ടിയും ജീവിക്കേണ്ടതാണെന്നുള്ള ബോധം സ്വയംഭരണസിദ്ധിക്കും, നിലനില്പിന്നും ഉന്നതിക്കും പ്രധാനമായിട്ടുള്ളതാകുന്നു. മാനസികസംസ്കാരത്തിലെന്നപോലെ കായികപരിഷ്കരണത്തിലും നമ്മുടെ ശ്രദ്ധ പതിയേണ്ടതാണ്. നാട്ടിന്റെ ഉൽഗതിക്കും അഭിവൃദ്ധിക്കും നാനാമുഖമായ പഠിപ്പും പൌരബോധവുമുള്ള ആരോഗ്യദൃഢഗാത്രന്മാരായ ജനങ്ങളും ഉണ്ടായിരിക്കേണ്ടതാണല്ലോ.

കുട്ടികളെ സ്കൂളിലയച്ചു വേണ്ടുന്ന ചിലവുകൾ ചെയ്യാൽ രക്ഷിതാക്കന്മാർ തങ്ങളുടെ ഭാരം നിർവ്വഹിച്ചുകഴിഞ്ഞു എന്നു വിചാരിക്കുന്നവർ ഒട്ടധികമുണ്ടു്. ഈ മനോഭാവം ആശാസ്യമായിട്ടുള്ളതല്ല. കുട്ടികളുടെ സംരക്ഷണയിലും പഠിപ്പിലും നടപടികളിലും സദാ മനസ്സിരുത്തി വഴിപിഴക്കാതെ അവരെ നയിപ്പിക്കേണ്ട ഭാരം രക്ഷിതാക്കന്മാർക്കു സവിശേഷം ഉള്ളതാകുന്നു.

പ്രാഥമിക വിദ്യാഭ്യാസംകൊണ്ടു ഭൂരിപക്ഷം കുട്ടികളുടെ പഠിപ്പ് അവസാനിച്ചു എന്നു കരുതുന്നതു് അബദ്ധമാണ്. ഈ വിദ്യാഭ്യാസം സിദ്ധിച്ചവർക്കു ഉപരിപഠനത്തിന്നും വാസനാബലംപോലെ പല തൊഴിലുകളിലും വൈദഗ്ദ്ധ്യം സമ്പാദിക്കുന്നതിന്നും വഴിയാകുന്നു എന്നാണു ധരിക്കേണ്ടതു്. വിദ്യാഭ്യാസരീതി കാലോചിതമായി ഭേദപ്പെടുത്തേണ്ടതാണെന്നും എല്ലാതരം പഠിപ്പുകളിലും പ്രാധാന്യം വഹിക്കുന്ന ശ്രദ്ധയെ അർഹിക്കുന്നതു പ്രാഥമിക വിദ്യാഭ്യാസമാണെന്നും നാമെല്ലാവരും ഗ്രഹിച്ചു പാടുള്ള സഹായസഹകരണങ്ങൾ ചെയ്യേണ്ടതാകുന്നു. ഇപ്പോഴത്തെ സ്ഥിതിഗതികൾ നോക്കിയാൽ ശരിയായ രീതിയിൽ പ്രാഥമിക വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിന്നു ഗവൎമ്മെണ്ടിലേക്കു മാത്രമേ സാധിക്കുകയുള്ളു എന്നാണ് എന്റെ അഭിപ്രായം.

പ്രാഥമിക വിദ്യാഭ്യാസച്ചിലവു മുഴുവനും ഗവര്‍മ്മേണ്ടില്‍നിന്നു വഹിച്ചു ഫീസ്സുകൂടാതെ കുട്ടികളെ പഠിപ്പിക്കേണ്ടതാണ്. കുട്ടികളോടു ഫീസ്സു വാങ്ങാതെ സകല ചിലവുകളും നിര്‍വ്വഹിച്ചു പ്രാഥമികവിദ്യാലയങ്ങള്‍ പ്രശസ്തരീതിയില്‍ നടത്തുവാന്‍ ത്രാണിയോ മനസ്സോ ഉള്ള പൌരന്മാരോ സ്ഥാപനങ്ങളോ അപൂര്‍വ്വമാകുന്നു. 'മലയാളം' സ്കൂളുകളും 'ഇംഗ്ലീഷ്' സ്കൂളുകളും എന്നുള്ള വിഭാഗം ആവശ്യമില്ലെന്നും എല്ലാ പ്രാഥമികവിദ്യാലയങ്ങളിലും ഇംഗ്ലീഷു പഠിപ്പിച്ച് ആ ഭാഷയില്‍ കുട്ടികള്‍ക്ക് അല്പമെങ്കിലും ജ്ഞാനമുണ്ടാകണമെന്നും എനിക്ക് അഭിപ്രായമുള്ളതുമാകുന്നു. പ്രത്യേക വര്‍ഗ്ഗക്കാര്‍ക്കു പ്രത്യേകം സ്കൂളുകള്‍ ഗവര്‍മ്മേണ്ടു ഏര്‍പ്പാടുചെയ്യുന്ന നയം ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. എല്ലാ വര്‍ഗ്ഗക്കാരും സഹകരിച്ചും സമ്മേളിച്ചും വിദ്യാസമ്പാദനകാലം നയിക്കുന്നതു പൌരബോധം വളര്‍ത്തുന്നതിന്നും വര്‍ഗ്ഗീയമൈത്രി വര്‍ദ്ധിപ്പിക്കുന്നതിന്നും സബ്രഹ്മചാരിത്വയോഗത്തില്‍ നിന്നുള്ള നാനാമുഖമായ ഗുണങ്ങള്‍ അനുഭവിക്കുന്നതിന്നും വൈകല്യങ്ങള്‍ നീങ്ങുന്നതിന്നും സഹായിക്കുന്നതാകുന്നു. "ആചാര്യാല്‍ പാദമാദത്തേ പാദം ശിഷ്യസ്വമേധയാ പാദം സബ്രഹ്മചാരിഭ്യാല്‍ പാദം കാലക്രമേണ ച" എന്നുള്ള ആപ്തവാക്യം സ്മരണീയമാണ്.

പ്രഹരാദികഷായംകൊടുത്തു വികൃതികളായ കുട്ടികളെ സുകൃതികളാക്കാമെന്നുള്ള സാമാന്യബോധം തിരെ അബദ്ധമാണെന്നു കൂടി ചൂണ്ടിക്കാണിച്ചുകൊണ്ടു ഈ ലഘുലേഖനം അവസാനിപ്പിക്കട്ടെ. കുട്ടികള്‍ ദുര്‍മ്മാര്‍ഗ്ഗികളാകുന്നതു് അധികവും ചീത്ത സഹവാസംകൊണ്ടാകുന്നു. അവരെ 'ചില്ലലമാരികളില്‍ അടച്ചു സൂക്ഷിക്കുകയോ' 'വെറന്തടവില്‍ പാര്‍പ്പിക്കുകയോ' ചെയ്യണമെന്നല്ലാ ഞാന്‍ പറയുന്നതു്. 'സമയം പോകുന്നില്ല' എന്നുള്ള സങ്കടമാണല്ലോ കുട്ടികളില്‍നിന്നു സാധാരണയായി പുറപ്പെടുന്നതു്. സദുപദേശംകൊണ്ടും സ്നേഹംകൊണ്ടും കുട്ടികളുടെ നിസര്‍ഗ്ഗവാസനകളെ ഹനിക്കാതെ ക്രമമായി വളരുവാന്‍ അനുവദിക്കുന്ന വിനോദങ്ങളെക്കൊണ്ടും മാത്രമേ വഴിപിഴച്ച കുട്ടികളെ സന്മാര്‍ഗ്ഗത്തിലേക്കു തിരിക്കുവാന്‍ സാധിക്കുകയുള്ളു. സ്കൌട്ടുപ്രസ്ഥാനത്തിന്റെ ആവിര്‍ഭാവവും ചടങ്ങുകളും ഈ ദൃഢവിശ്വാസംപ്രമാണിച്ചു വ്യവസ്ഥചെയ്തിട്ടുള്ളതാകുന്നു. 'കുന്നു ഉള്ളൂ എങ്കിലും ഉലക്കകൊണ്ടു തല്ലണം' എന്നുള്ള ഉപദേശം ചെയ്തതു നെല്ലുകുത്തി ഉപജീവനം കഴിച്ചിരുന്ന ഒരു മൂഢയായിരിക്കണം. ഒരു കുട്ടിയുടെ ആത്മാവു് 'ശിശു' പ്രായത്തിലുള്ളതല്ലെന്നു നാം ഓര്‍മ്മിക്കേണ്ടതാണ്. പ്രാഥമിക വിദ്യാലയങ്ങളില്‍ നടന്നുവരുന്ന 'ചൂരല്‍പ്രയോഗങ്ങളും' 'ചവിട്ടി തിരിയ്ക്കലും' 'സ്ക്രൂ'പിടുത്തവും മററു മര്‍ദ്ദനങ്ങളും തീരെ നിര്‍ത്തല്‍ചെയ്യാത്തതു മാമൂല്‍വിശ്വാസംകൊണ്ടോ കൃത്യബോധക്കുറവുകൊണ്ടോ ആയിരിക്കണമെന്നേ എനിക്കു പറവാനുള്ളു.

'ചന്ദരി'നഗരിയുടെ നഷ്ടാവശിഷ്ടങ്ങൾ.

[മഹോപാദ്ധ്യായ പി. വി. കൃഷ്ണൻനായർ]

ഭാരതത്തിന്റെ പാരമാൎത്ഥികാവസ്ഥയെന്തായിരുന്നുവെന്നോ ഇപ്പോഴും എന്താണെന്നോ അറിയുവാൻ ആഗ്രഹിക്കുന്നവൎക്കു രസാവഹങ്ങളായ അനേകം നഷ്ടാവശിഷ്ടങ്ങൾ ഇന്നും കാണപ്പെടുന്നുണ്ട്. അപ്രകാരമുള്ള നഷ്ടാവശിഷ്ടങ്ങളിലൊന്നാണ് 'ചന്ദരി'നഗരി. ഈപ്രദേശം മിക്ക ഭാരതീയരാലും അജ്ഞാതമത്രെ. 'ചന്ദരി' ഗ്വാളിയർ രാജ്യത്തിൽപ്പെട്ട ഒരു ദേശവിഭാഗമാണ്. പൎവ്വതപരിവൃതമായ ഈനഗരിയിലേയ്ക്കുള്ള പ്രവേശം മിക്കവാറും ദുസ്സാധമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. പണ്ടു, യുദ്ധാവസരങ്ങളിൽ, ഇതിനെ ശത്രുബാധയേൽക്കാത്തവിധത്തിലുള്ള ഒരഭയസ്ഥാനമായി ഉപയോഗിച്ചിരുന്നുവെന്നാണു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതു്.

ഈ നഗരത്തിന്റെ നാമധേയത്തെക്കുറിച്ചു നാനാവിധത്തിലുള്ള അഭിപ്രായങ്ങളും പുറപ്പെട്ടിട്ടുണ്ട്. ശിശുപാലന്റെ രാജധാനിയായിരുന്നു ഇതെന്നാണ് ഒരുകൂട്ടരുടെ വാദം. മറ്റൊരുകൂട്ടർ പറയുന്നു 'ചണ്ഡേല' രാജപുത്രവംശവുമായി ഈ നഗരത്തിന്റെ നാമധേയത്തിനു ഗണനാർഹവും അവിച്ഛേദ്യവുമായ ഒരു ബന്ധവുമുണ്ടെന്നു്.

പ്രാകാരത്തിന്റെയും പ്രാകാരസുരക്ഷിതമായ നഗരത്തിന്റെയും നഷ്ടാവശിഷ്ടങ്ങളുടെ ഒരു സമൂഹമാണ് ഇന്നത്തെ 'ചന്ദരി'നഗരം. ആ പ്രാകാരം നഗരത്തേക്കാളും ഇരുന്നൂറടി ഉയരത്തിലാണു സ്ഥിതിചെയ്യുന്നതു്. പ്രസ്തുത പ്രാകാരത്തിനു് ഒന്നേകാൽമൈൽ ദൈൎഘ്യവും മുക്കാൽമൈൽ വിസ്തൃതിയുമുണ്ട്. ഈയിടയ്ക്കു നിൎമ്മിതമായ ഒരു വിശ്രമമന്ദിരം മാത്രമേ ഈ നഗരത്തിനു ശോഭാജനകമായിട്ടുള്ളു. ബാക്കി സകലവിധത്തിലും അതു ജീൎണ്ണമായിത്തന്നെയാണു നിലകൊള്ളുന്നതു്. പ്രസ്തുത പ്രാകാരത്തിലേയ്ക്കുള്ള ഏകമാൎഗ്ഗം 'ഖനിഡർവാസ' (രക്തഗോപുരം)യിൽക്കൂടിയാണ്. 'രക്തഗോപുര'ത്തിൽവച്ചു് അനവധി അപരാധികളെ നിഷ്കരുണം വധിച്ചിട്ടുള്ളതുകൊണ്ടുതന്നെയാണു അതു് അന്വൎത്ഥസംജ്ഞമായിത്തീൎന്നതെന്നു ഒരുകൂട്ടർ വാദിക്കുന്നു. പ്രസ്തുതസ്ഥലത്തുവച്ചുണ്ടായ ഒരു ഭയങ്കരയുദ്ധത്തിൽ അനേകം രാജപുത്രന്മാർ വധിക്കപ്പെടുകനിമിത്തം ഒരു രക്തപ്പുഴയൊഴുകിയതുകൊണ്ടാണു് ആ സ്ഥലവിഭാഗത്തിനു "രക്തഗോപുരം" എന്ന അഭിധാനമുളവായതെന്നു മററു ചിലരും അഭിപ്രായപ്പെടുന്നുണ്ടത്രെ.

ആധുനിക 'ചന്ദരി'നഗരത്തിനു വടക്കുപടിഞ്ഞാറ് ഒമ്പതു മൈൽ അകലെയായി 'ബുഢിചരി' (വൃദ്ധചന്ദരി)യെന്നൊരു നഗര

മുണ്ട്. ഈ നഗരത്തിന് വൃദ്ധചന്ദരിയെന്നു പേരിട്ടിരിക്കുന്നതു അതിനെ ആധുനികചന്ദരിയിൽനിന്ന് വ്യാവർത്തിച്ചറിയുന്നതിനു വേണ്ടിയാണ്. വൃദ്ധചന്ദരിയുടെ സൌവർണ്ണദശയിൽ അതു തുലോം വിസ്താരമേറിയതായിരുന്നു. ഈ നഗരത്തിൽ, പ്രാചീനകാലത്തു്, മുന്നൂററപത്തു ദേവാലയങ്ങളും മുന്നൂററപത്തു വിശ്രമമന്ദിരങ്ങളും മുന്നൂററപത്തു വിദ്യാലയങ്ങളും മുന്നൂററപത്തു പുഷ്കരികളും മുന്നൂററപത്തു ശ്മശാനപ്രദേശങ്ങളുമുണ്ടായിരുന്നുവെന്നു പറയപ്പെടുന്നു. പ്രാചീനചന്ദരിനഗരം ഇന്നു സിംഹവ്യാഘ്രാദിഹിംസ്രജന്തുക്കളുടെ കേളീരംഗമായിത്തീർന്നിരിക്കുന്നുവത്രേ. പ്രാചീനകാലത്തെ മററു നഗരങ്ങളെപ്പോലെ തന്നെ ചന്ദരിയും ബലിഷ്ഠങ്ങളും ഉന്നതങ്ങളുമായ പ്രാകാരങ്ങളാൽ പരിവൃതമാണ്. ഈ നഗരം ഏതു കാലത്താണു പണിചെയ്യപ്പെട്ടതെന്നു നിർണ്ണയിക്കുവാൻ പര്യാപ്തമായ ചരിത്രസാമഗ്രികളൊന്നും ഇന്നു സുലഭമല്ല. എങ്കിലും, 1251-ലെ അനതിശക്തിമത്തായ മഹമ്മദീയാക്രമണത്തെ ഈ നഗരം തടഞ്ഞു നിർത്തിയതായി ചരിത്രത്തിൽ കാണുന്നുണ്ട്.

പ്രസ്തുത സംഭവം കഴിഞ്ഞു അമ്പതു കൊല്ലത്തിനു ശേഷമുണ്ടായ അല്ലാവുദീൻ കിൾജിയുടെ ആക്രമണകാലത്തിലെങ്കിലും ഈ നഗരം മഹമ്മദീയാധിപത്യത്തിൻ കീഴിലായിരിക്കണം. ഇതിനുശേഷം അനതിദൂരമായ കാലഘട്ടത്തിൽത്തന്നെ ചില സാമന്തരാജാക്കന്മാർ ഡൽഹിയുടെ ഏകച്ഛത്രാധിപത്യത്തെ വകവയ്ക്കാതായിത്തുടങ്ങി. അവരിൽ പ്രധാനൻ മാൾവാസുൽത്താനായിരുന്നു ചന്ദരിയിൽ സുൽത്താന്റെ ചില പ്രതിപുരുഷന്മാരുണ്ടായിരുന്നു അന്നു ചന്ദരിയുടെ സാമ്പത്തികസ്ഥിതി അനന്യസാധാരണമായവിധത്തിൽ അഭിവൃദ്ധമായിരുന്നുവത്രെ. ഇപ്പോൾ ചന്ദരിയിൽ കാണുന്ന മിക്ക ശിലാലേഖനങ്ങളും മഹമ്മദീയഭരണകാലമായ പതിനഞ്ചാം നൂററാണ്ടിൽ ഉൽകീർണ്ണംചെയ്യപ്പെട്ടവയാണെന്നാണ് ശിലാലിഖിതപര്യവേക്ഷകന്മാരുടെ അഭിപ്രായം. പതിനഞ്ചാം നൂററാണ്ടിനുശേഷം ഒരു ശതാബ്ദക്കാലത്തോളം ചന്ദരി നഗരം യുദ്ധവിദഗ്ദ്ധന്മാരായ അനേകം ഇടപ്രഭുക്കന്മാരുടെ ആധിപത്യത്തിൻ കീഴിലാണ് വർത്തിച്ചിരുന്നതു്. അക്കാലം മുഴുവനും അസമാധാനത്തിന്റെയും അക്രമങ്ങളുടേയും നൃത്തരംഗമായിരുന്നു ഈ നഗരം. എലിസബെത്തു രാജ്ഞിയുടെ സമകാലികനും മഹാനുമായ അക്ബർ സാർവ്വഭൌമന്റെ ഭരണാരംഭത്തോടുകൂടിയാണ്, ചന്ദരി വീണ്ടും മാൾവാസംസ്ഥാനത്തിന്റെ ഒരംശമായിത്തീർന്നതു്. അതേ, അന്നാണതു് പരിഷ്കാരത്തിന്റെ ആവാസകേന്ദ്രമായ മുഗൾസാമ്രാജ്യത്തിലെ ഒരു പ്രധാന നഗരമായിത്തീർന്നതു്. ഇക്കാലത്തിനിടയ്ക്കു ഹൈന്ദവഭരണധുരന്ധരന്മാർ അനവധി കെട്ടിടങ്ങൾ കെട്ടിക്കുകയുണ്ടായി. അവയിൽ ചിലതെല്ലാം ഇന്നും നിലനില്ക്കുന്നുണ്ട്. അനന്തരം മൂന്നു മുഗൾചക്രവർത്തിമാരുടെ ഭരണത്തിനു ശേഷമാണ് മുഗൾവംശത്തിലെ അന്തിമനായ അറംഗസീബ് ചക്രവർത്തി

രാജ്യഭാരം കൈയേൽക്കുകയുണ്ടായതു്. അദ്ദേഹത്തിന്റെ കാലംമുതൽക്കു തന്നെ ഹിന്ദുരാജാക്കന്മാർ ചന്ദരിയിൽ തങ്ങളുടെ അധികാരം നടത്തിത്തുടങ്ങി 1815-ൽ ഈ നഗരം ജനറൽജിൻ—ബാപ്റ്റിസ്റ്റ ഫിലിയോഡ്സ് എന്ന പാശ്ചാത്യഭരണകർത്താവിനാൽ മഹാരാജാ ദൌലത്തുറാം സിന്ധ്യയുടെ രാജ്യത്തോടുചേർക്കപ്പെട്ടു.

സുൽത്താന്മാരുടെ ഭരണകാലങ്ങളിൽ നിർമ്മിക്കപ്പെട്ട മിക്ക കെട്ടിടങ്ങളും അനാഡംബരത്വത്തിലും മനോഹാരിതയിലും ഉയർന്ന പടിയിൽത്തന്നെയാണു സ്ഥിതിചെയ്യിരുന്നതു്. ഹൈന്ദവദേവാലയങ്ങൾ ഇടിച്ചുപൊളിച്ചു അവയിൽനിന്നും ലഭിക്കുന്ന സാധനസാമഗ്രികൊണ്ടു പ്രാകാരങ്ങളും പ്രാസാദങ്ങളും പണിയുകയാണു മഹമ്മദീയർ സാധാരണ ചെയ്യിരുന്നതു്. എന്നാൽ, ചന്ദരിയിലെ മഹാസൌധങ്ങളൊന്നും തന്നെ ഇപ്രകാരം നിർമ്മിക്കപ്പെട്ടവയല്ലായിരുന്നു. അപ്രകാരം ചെയ്യേണ്ടതായ ആവശ്യകതയും സുൽത്താന്മാർക്കുണ്ടായിരുന്നില്ല. മന്ദിരനിർമ്മാണത്തിനു വേണ്ട സകല സാമഗ്രികളും അവിടെ സുലഭമായി ലഭിച്ചിരുന്നു. അവിടെ അക്കാലത്തു ഹൈന്ദവദേവാലയങ്ങൾ വളരെ ദുർല്ലഭമായിരുന്നു. പ്രാകാരത്തിന്റെയായാലും വേണ്ടില്ല; പ്രാസാദത്തിന്റെയായാലും വേണ്ടില്ല; ഇന്നവിടെ കാണുന്ന നഷ്ടാവശിഷ്ടങ്ങളെല്ലാം അനാഡംബരതയിലും മനോഹാരിതയിലും ഏകരൂപങ്ങളായിത്തന്നെയാണു കാണപ്പെടുന്നതു്. ടാജ്മഹാളിന്റെ ആകൃതിയിലുള്ള അനേകം ശവകുടീരങ്ങളും അവിടെ പ്രേക്ഷകന്മാർക്കു ദൃഷ്ടിവിഷയമായിത്തീരുന്നതാണു്. പാരസീകഭാഷയിൽ എഴുതപ്പെട്ടവയും വ്യക്തങ്ങളും രമണീയങ്ങളുമായ അസംഖ്യം ശിലാലേഖനങ്ങളും അവിടെയുണ്ടു്.

നഗരപ്രാകാരം, ജുമാമസ്ജിദ്, കോഷ്ടക്മഹാൾ, ബാദൽ ശിബോഡി എന്നിങ്ങനെ പ്രത്യേകം ഗണനാർഹങ്ങളായ നാലു നഷ്ടാവശിഷ്ടങ്ങളാണു് അവിടെ പ്രധാനമായിക്കാണപ്പെടുന്നതു്. അവയെ യഥാക്രമം വിവരിക്കാം. നഗരപ്രാകാരത്തിനു പന്ത്രണ്ടുമുതൽ പതിനഞ്ചടിവരെ പൊക്കമുണ്ടു്. അനേകം കവാടങ്ങളും ഗവാക്ഷങ്ങളും പ്രാകാരത്തിൽ അവിടവിടെയായി കാണാവുന്നതാണു്. പ്രസ്തുത പ്രാകാരത്തിന്റെ പ്രധാന പ്രവേശദ്വാരത്തിനു 'ഡൽഹി ഡർവാസ' എന്നാണു നാമധേയം നൽകിയിരിക്കുന്നതു്. "കാടി ഘാടി' 'ബാദൽമഹാൾ' എന്നിങ്ങനെ രണ്ടു വിശിഷ്ടമന്ദിരങ്ങളും ഈ നഗരത്തിലുണ്ടു്. അമൂല്യങ്ങളും ഉപയോഗപ്രദങ്ങളുമായ ചില ശിലാലേഖനങ്ങൾ കാടിഘാടിയിൽ കാണ്മാനുണ്ടു്.

ജുമാമസ്ജിദിനു 123 അടി നീളവും 38 അടി വീതിയുമുള്ളതായ ഒരു വലിയ പ്രാർത്ഥനാശാലയുണ്ടു്. സൈന്യങ്ങൾ അഭയംപ്രാപിച്ചിരുന്ന അവസരത്തിൽ ജനറൽ ഫിലിയോസ് ഇതിന്റെ പുരോഭാഗത്തു

ണ്ടായിരുന്ന ഭിത്തി പൊളിച്ചുകളഞ്ഞതായി പറയപ്പെടുന്നുണ്ട്. വീണ്ടും ആ ഭിത്തി കെട്ടുകയുണ്ടായത്രെ.

ഇനി നമ്മുടെ പ്രസ്താവത്തിനു വിഷയമായിട്ടുള്ളതു കോഷാക് മഹാളാണ്. മഹമ്മദുകിൽജി (14-ാം ശതാബ്ദത്തിൽ) ഇൻഡ്യയെ ആക്രമിച്ചതിനുശേഷം മടങ്ങിവരുന്ന വഴിക്കു ചന്ദരിയിലെത്തിയപ്പോൾ ഏഴുനിലയുള്ള ഒരു കെട്ടിടം പണിയണമെന്നു ആജ്ഞാപിച്ചതനുസരിച്ചു നിർമ്മിച്ചതാണു കോഷാക് മഹാൾ. കോഷാക് മഹാളിന്റെ രണ്ടു നിലകൾ മാത്രമേ ഇപ്പോൾ അവശേഷിച്ചിട്ടുള്ളു. പണ്ടത്തെ ഏഴുനിലക്കെട്ടിടത്തിന്റെ അവശേഷങ്ങളെല്ലാം ഇപ്പോഴും അവിടെ കാണുന്നുണ്ട്. ഇപ്പോൾ എല്ലാംതന്നെ വനപരീതമായിട്ടാണു വർത്തിക്കുന്നതു്.

അന്തിമമായി അവശേഷിച്ചിട്ടുള്ളതു് നഗരത്തിൽ സുലഭമായി കാണപ്പെടുന്ന പുഷ്കരിണികളാണു. ഇപ്പോൾ അവയെല്ലാം വററി വരണ്ടു കിടക്കുകയാണെങ്കിലും ഒരുകാലത്തു അവയ്ക്കുണ്ടായിരുന്ന രാമണീയകത്തേയും മാഹാത്മ്യത്തേയും തികച്ചും വിശദീകരിക്കുന്നുണ്ട്. ഈ പുഷ്കരിണീസമൂഹത്തിൽവച്ചു മഹത്തമവും ബലിഷ്ഠവുമായിട്ടുള്ളതു "ഖാറി ശിബോധി"യെന്ന പുഷ്കരിണി ആണ്. ഈ പുഷ്കരിണിയുടെ ഒരു സോപാനത്തിൽ 1485-ാമാണ്ട് കൊത്തിയിട്ടുള്ള ഒരു ശിലാലിഖിതമുണ്ട്. "ആരെങ്കിലും ഈ പ്രദേശത്തെ സന്ദർശിക്കുകയാണെങ്കിൽ ഇതു സ്വർല്ലോകമാണെന്നു് പറയാതിരിക്കുകയില്ല" എന്നാണ് ആ ശിലാലിഖിതത്തിന്റെ സാരം.

ഒരു സ്മരണ

(കമലാകരമേനോൻ)

രാഗഭാജനമായ
    സന്ധ്യയെത്തേടിത്തേടി
സ്സാഗരതീരംവരെ
    ബ്ഭാനുവും ഞാനുംപോയി;
അന്നേരമാരാമത്തിൽ
    നിൽപ്പാണെന്നാരോമലാൾ-
തന്നുടെ കളിത്തോഴി
    മാരുടെ നടുക്കവൾ.
പ്രേമശീതളമായൊ-
    രോമനത്തെന്നലാ
രാമതൻ ദീർഘശ്വാസം
    സ്വാഗതമെനിക്കേകി.
മുന്നിൽവന്നടിച്ചാർത്ത
    വണ്ടിനെ,യവളുടെ
സുന്ദരകടാക്ഷമാ-
    ണെന്നു ഞാൻ വിചാരിച്ചു.

നർമ്മസല്ലാപാമൃത-
    വർഷണംക്ഷണംനിർത്തി
പെൺമണി,യെന്തോ? ലജ്ജാ-
    നമ്രയായ്ച്ചെന്താർമുഖം.
പൂങ്കവിൾത്തട്ടിൽപ്പെട്ട-
    ന്നെഴുതും മാച്ചും ദ്രുതം
മങ്കതൻ വികാരങ്ങ-
    ളത്തല്ലിലേതോ കവി.
കോമളം കളിയാട്ടം
    പൈങ്കിളിപ്പിടകളാ-
രാമതൻ പ്രണയത്തെ
    പ്പറ്റിയന്യോന്യം ചൊല്ലി.

ലീലയാ ചാരേനിൽക്കും
    പിച്ചകത്തിനാ ടാതി

ബാലയെക്കടക്കണ്ണാൽ
　　നോക്കിക്കൊണ്ടൊരുസഖി.
"മാലതി! കൊള്ളാംനീയെ-
　　ന്തിങ്ങിനെനിൽപ്പൂസ്വപ്നം?
ലോലനാമന്തിക്കുളിർ
　　മന്ദമാരുതനിതാ
തന്നിയേ ചൂളംവിളി-
　　ച്ചുല്ലസിച്ചെത്തുന്നീലേ,
തളിരാം ചുണ്ടല്ലെങ്കി-
　　ലെന്തിനു വിടരുന്നു?
വദനംമെല്ലെപ്പൊക്കി
　　പ്പുഞ്ചിരിപ്പൂമൊട്ടൊന്നു
മധുരംവിടരട്ടെ നീ
　　വീശട്ടെ പരിമളം.

അന്നാരാമ്പൂങ്കാവനം തൽക്ഷണം പുത്തൻകുളിർ
ചന്ദ്രികയാലെന്നപോൽ സുന്ദരം വിരാജിച്ചു.

വന്നപാട്ടലാത്തിന്നാ-
　　നലസൻ കാററും, ഞാനും
തന്നെത്താൻ, എന്നാലന്നു
　　തേടിയ സുഗന്ധത്താൽ
മറന്നാൽ മറക്കാത്ത,
　　മറച്ചാൽ മറയാതെ
മനസ്സിൻ മണിമച്ചിൽ
　　ഞങ്ങൾക്കുണ്ടൊരാനന്ദം.

* നാം എന്തു ചെയ്യണം.

(മഹാകവി വള്ളത്തോൾ)

പ്രിയപ്പെട്ട യുവജനങ്ങളേ, നിങ്ങളുടെ ഉൽകൃഷ്ടചിന്തകളുൾക്കൊണ്ട ശിരസ്സുകളുടെ നടുവിൽ ഈ വൃദ്ധമുഖം സങ്കല്പംകൊണ്ടു പലവുരു മുകർന്നുകൊള്ളുന്നു.

ഈ യുവജനസാഹിത്യസമാജത്തിന്റെ അദ്ധ്യക്ഷപീഠത്തെ ഒരു വൃദ്ധനാൽ ആക്രാന്തമാക്കിത്തീർത്ത വിധിവിലാസം സദസ്യരിൽ പലരേയും വിസ്മയിപ്പിയ്ക്കുന്നുണ്ടാവാം. എന്നാൽ ഇങ്ങിനെ ഒരു വിരുദ്ധത പററാതിരിപ്പാൻ ഞാൻ ശ്രമിയ്ക്കാതിരുന്നിട്ടില്ല: ഞാൻ കേരളകലാമണ്ഡലം കഥകളിയോഗത്തോടുകൂടി ബർമ്മയിലേയ്ക്കു പുറപ്പെടാൻ ഒരുക്കം കൂട്ടുന്ന അവസരത്തിലാണ്, സ്വാഗതസംഘാദ്ധ്യക്ഷന്റെ എഴുത്ത്—ഞാൻ അദ്ധ്യക്ഷപദം സ്വീകരിയ്ക്കണമെന്നുള്ള എഴുത്ത്—എന്റെ അടുക്കൽ വന്നുചേർന്നത്. ആ ബദ്ധപ്പാടിൽ ഒന്നും ആലോചിയ്ക്കാതെ, ചാരുശീലനായ ചന്തുനമ്പ്യാരവർകളിലുള്ള സൌഹാർദ്ദമൊന്നിനാൽമാത്രം, അനുകൂലമായ മറുപടി അയച്ചുപോയി. പിന്നീട് ഒരു മാസത്തിനുശേഷം 'മാതൃഭൂമി'പത്രത്തിൽ ഒരു മാന്യൻ, പൌരസ്ത്യപാശ്ചാത്യസാഹിത്യങ്ങളിൽ ഒന്നുപോലെ പ്രാവീണ്യമുള്ള ഒരാളെ വേണം അദ്ധ്യക്ഷനാക്കാൻ എന്നുപന്യസിച്ചതു കണ്ടപ്പോഴേ, എന്റെ ആ സമ്മതംമൂളലിന്റെ അനൌചിത്യം ഞാൻ അനുസ്മരിച്ചുള്ളൂ. ഉടൻതന്നെ മാതൃഭൂമിലേഖകന്റെ അഭിപ്രായം ആദരിയ്ക്കേണ്ടതാണെന്നും, അതനുസരിച്ച് അർഹനായ ഒരാളെ അദ്ധ്യക്ഷനാക്കണമെന്നും ഞാൻ സ്വാഗതസംഘാദ്ധ്യക്ഷനെ അറിയിച്ചു. എന്നാൽ ആ അറിയിപ്പ്, എന്തു കാരണത്താലോ, അദ്ദേഹത്തിന്റെ മുൻനിശ്ചയത്തെ ഇളക്കാൻ ശക്തമായില്ല; എന്റെ അപേക്ഷ ഒരു നനുത്ത കാററും അദ്ദേഹത്തിന്റെ നിശ്ചയം ഒരു മാമലയുമായിട്ടാണ് അനുഭവപ്പെട്ടത്.

ഉള്ളിൽ കലവറവെയ്ക്കാതെ പറകയാണെങ്കിൽ, അഭിമാനകരമായ ഈ സ്ഥാനം ലഭിച്ചതിൽ എനിയ്ക്കാഹ്ലാദമാണുള്ളത്: പ്രായം

---

* തലശ്ശേരിയിൽ വെച്ചുകൂടിയ യുവജന സാഹിത്യസമാജത്തിൽ ചെയ്ത അദ്ധ്യക്ഷ പ്രസംഗം.

കൂടിവരുംതോറും എനിക്കു താരുണ്യലക്ഷ്മിയുടെ പേരിൽ അഭിനിവേശം ഏറിയേറിവരുന്നു. തന്റെ ദാരിദ്ര്യം, അജ്ഞത, വാർദ്ധക്യം എന്നീ മൂന്നെണ്ണത്തിന്റെ മുമ്പിൽ ഒരു നേരിയ വെളിയടയെങ്കിലും കെട്ടിത്തൂക്കാൻ നോക്കുന്നതു മനുഷ്യന്റെ സ്വഭാവമാണല്ലോ. ഞാനൊരു വൃദ്ധനാണെന്നു പറയുന്നതുതന്നെ എനിക്കത്ര സമ്മതമല്ല. എന്തു ചെയ്യും? ജനനം കുറേ മുൻകൂട്ടിയായിപ്പോയതുകൊണ്ട് ഈ അപഖ്യാതി സഹിക്കേണ്ടിവന്നു! ഇന്നിതാ, അതിൽനിന്നു ഞാൻ വിമുക്തനായിരിക്കുന്നു; യുവാക്കന്മാരുടെ പേർവിവരപ്പട്ടികയിൽ എന്റെ പേരിനും ഒരു വരി കിട്ടിയിരിക്കുന്നുവല്ലോ. കാലം വൃദ്ധതയിലേക്കു പിടിച്ചുവലിക്കുന്ന എന്നെ, നിങ്ങളുടെ കരുത്തേറിയ കൈകൾ വീണ്ടും യുവത്വത്തിലേക്കു വലിച്ചുകൊണ്ടുപോരുന്നതിൽ എനിക്കു കുറച്ചൊന്നുമല്ലാ, കൃതജ്ഞതയും സന്തുഷ്ടിയും.

വൃദ്ധന്റെ യുവസഭാദ്ധ്യക്ഷതയിൽ ചുളിയുന്ന നെററികളുണ്ടെങ്കിൽ, ചുളിഞ്ഞുകൊള്ളട്ടെ: കേരളത്തിന്റെ കോമളതയെ പരിപൂർണ്ണമാക്കിത്തീർക്കുന്ന ശരൽക്കാലത്തു, നദീതീരങ്ങളിൽ തട്ടിത്തഴച്ചു പച്ചച്ചെടികളുടെ ഇടയിൽ, പുഷ്പിച്ച കുതിരവാൽപ്പുല്ലിനെ ചാഞ്ചാടിച്ചരുളുന്ന പ്രകൃതിദേവിക്കു സമ്മതമായിരിക്കും, യുവാക്കളേ, നിങ്ങളുടെ നാട്ടിൽ ഈ നരച്ച കിഴവൻ തലപൊക്കിനില്ക്കുന്നത്.

സമസ്തകേരളസാഹിത്യപരിഷത്തുള്ളപ്പോൾ വേറെ ഒരു യുവജനസാഹിത്യസമാജം ഏർപ്പെടുന്നതെന്തിനാണെന്നു ചോദിക്കുന്നവരുണ്ടാവാം. അവരോടു മറുപടി പറയാൻ പ്രയാസമില്ല. സമസ്തകേരളസാഹിത്യപരിഷത്ത് ആണ്ടുതോറും വെള്ളിനാണ്യങ്ങളെയെന്നപോലെ പ്രമേയങ്ങളേയും തുരുതുരെ വിതറിക്കളകയല്ലാതെ മററു വല്ലതും ചെയ്യുകയുണ്ടായോ? എങ്ങിനെ ചെയ്യും: ഒരു സമ്മേളനത്താലുണ്ടായ കിതപ്പും തളർച്ചയും നീങ്ങിത്തുടങ്ങുമ്പോഴേക്കും, മറ്റൊരു സമ്മേളനം സമീപിക്കുകയായി! കാലം സംവത്സരങ്ങളെ ഇത്ര വേഗത്തിൽ തന്റെ കൂടയിലേക്കു തിരിച്ചെടുക്കുന്നതു പരിഷത്തിന്റെ കുററമല്ലല്ലോ! ഇങ്ങിനെ ഒന്നല്ല രണ്ടല്ല, തൊണ്ണൂററാറു മാസങ്ങൾ പുറത്തേക്കു വരികയും അകത്തേക്കു വലികയും ചെയ്തുകഴിഞ്ഞു. പരിഷത്തിന്റെ പരിതാപകരമായ ഈ കർമ്മമാന്ദ്യത്തെ, യുവാക്കളുടെ ചുറുചുറുക്കുള്ള ചുടുരക്തം ഇനിയും എത്രനാൾ ക്ഷമിക്കും? അവർക്ക് അവരുടെ സാഹിത്യത്തെ പരിപോഷിപ്പിച്ച് ഇതരസാഹിത്യങ്ങളുടെ കിടയിലെത്തിപ്പാൻ തിടുക്കമായി. അവർ എന്നെപ്പോലുള്ള കാരണവന്മാരോടു പറയുന്നു: "നമ്മുടെ സാഹിത്യത്തറവാടിനെ ഭരിപ്പാൻ നിങ്ങൾ ബുദ്ധിമുട്ടിയതു മതി. ആ ഭാരം, ഞങ്ങളുടെ കട്ടിച്ചുമലുകളിൽ ഇറക്കിവെച്ചുകൊള്ളുക." ഹാ, നമുക്കെന്തൊരാശ്വാസം

അനന്തരവന്മാരേ, നിങ്ങൾ തന്നെ വേണം, പരിഷത്തിന്റെ സമാരംഭങ്ങളെ സഫലീകരിപ്പാൻ: "ലോകം എന്നെന്നും ശൂരന്മാരുടെ കയ്യിന്മേൽ ഒരു പൈതലെന്നപോലെ പിടിച്ചു തൂങ്ങിനില്ക്കുന്നു.*" എന്നത്രെ വ്യാസൻ അരുളിച്ചെയ്തിരിക്കുന്നത്. ഒന്നാമതായി നിങ്ങൾ ചെയ്യേണ്ടതു, നിങ്ങളുടെ മാതൃഭാഷയ്ക്കു എന്തു മുതലുണ്ടെന്നും, അതിൽ അനുഭവയോഗ്യങ്ങളായ വസ്തുക്കളെത്രയുണ്ടെന്നും നോക്കി തിട്ടപ്പെടുത്തുകയാണ്. പഴയതൊക്കെ നല്ലത്, പുതിയതൊക്കെ ചീത്ത് എന്നോ, നേരെ മറിച്ചോ ഉള്ള അഭിപ്രായങ്ങൾ നിങ്ങളുടെ ചുറ്റും മുഴങ്ങുന്നുണ്ടാവും. അവയെ നിങ്ങൾ പരിഗണിക്കേണ്ടതില്ല; നിങ്ങളുടെ വിമർശനബുദ്ധിയെ തന്നെ വിനിയോഗിക്കണം. ഇവിടെ, എന്റെ ഒരനുഭവം ഓർമ്മയിൽ വരുന്നു: ഒരു കാൽ നൂറ്റാണ്ടിനു മുമ്പു, തൃപ്പൂണിത്തുറെ കോവിലകത്തുനിന്നു പതിനെട്ടു ഭാഷാചമ്പൂക്കളടങ്ങിയ ഒരു മഹാഗ്രന്ഥം അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു തൃശ്ശിവപേരൂരിലുള്ള തന്റെ പാർപ്പിടത്തിൽ കൊണ്ടുവന്ന് എന്റെ കയ്യിൽ തന്നു. (അന്നെന്റെ വാസവും തൃശ്ശിവപേരൂരിലായിരുന്നു.) ആ ഗ്രന്ഥത്തിൽനിന്നാണ്, രാമണീയകമായ 'രാജരത്നാവലീയം' പ്രസിദ്ധീകരിച്ചത്. ആ ഗ്രന്ഥം എന്റെ കയ്യിലിരിക്കുന്ന കാലത്ത്, ഒരുച്ചയ്ക്കു, ഞാൻ എന്റെ ഒരു മാന്യസുഹൃത്തിന്റെ ഗൃഹത്തിൽ ചെന്നു. ഞാൻ പടിക്കലെത്തിയപ്പോൾത്തന്നെ, മാളികമുകളിൽനിന്ന് ഒരു സാഹ്ലാദനിർഘോഷം വന്ന് എന്നെ എതിരേറ്റു—അന്ന് എന്റെ ചെവി ചത്തുകഴിഞ്ഞിട്ടില്ലെന്ന് ഇടയിൽപ്പറഞ്ഞുകൊള്ളട്ടെ—മാളികമുകളിൽ നാലഞ്ചു സഹൃദയന്മാർ—കൈരളീസാഹിത്യലോകത്തിൽ കേളികേട്ട മഹാന്മാർ—ഒത്തുചേർന്നിരുന്നു. എന്റേയും എന്റെ പ്രിയശിഷ്യനായ ശ്രീമാൻ കുറ്റിപ്പുറത്തു കേശവൻനായരുടേയും ആധിപത്യത്തിലിരുന്ന 'രാമാനുജൻ' എന്ന മാസികപത്രത്തിന്റെ ആയിടയിൽപ്പുറത്തായ ലക്കത്തിലെ ഒരു മംഗളശ്ലോകത്തെ മേല്ക്കുമേൽ പ്രശംസിക്കുകയാണ് അവർ ചെയ്തിരുന്നത്. 'ഒരു പ്രാചീനകവി' എന്നു ചുവട്ടിൽച്ചേർത്തിരുന്ന ആ ശ്ലോകം ഇന്നും ഞാൻ മറന്നിട്ടില്ല:—

'തണ്ടാർമാതിൻ മുലക്കുങ്കുമരസമിഴുകും ചാരുദോരന്തരാളം,
വണ്ടത്താന്മാർ മുരണ്ടെത്തിന മണമിളകും വന്യമാലാഭിരാമം,
കൊണ്ടാടിത്താപസന്മാരഹരഹ തിരയും സച്ചിദാനന്ദരൂപം,
കണ്ടാവൂ ഞാൻ കളായദ്യുതിയോടു പടതല്ലുന്ന കാന്തിപ്രവാഹം!'

ഇതിന്റെ പദസൌകുമാര്യം, ശയ്യാഗുണം, അർത്ഥഗൌരവം, വ്യംഗ്യഭംഗി മുതലായവ മാത്രമല്ല, ഒട്ടുവിലൊട്ടുവിൽ ഓരോ പദംപോ

* ശൂരബാഹുഷു ലോകോയം ലംബതേ പുത്രവത്സദാ (മഹാഭാരതം)

മും അവരുടെ മുക്തകണ്ഠമായ ശ്ലാഘയ്ക്കു വിഷയീഭവിക്കുകയായി. കൂടെക്കൂടെ 'ഈ ശ്ലോകം ഏതു ചംപൂവിൽനിന്നു കിട്ടി?' എന്ന് എന്നോടുള്ള ചോദ്യവും പുറപ്പെട്ടിരുന്നു. അവരുടെ നിർബ്ബന്ധം, എന്നെക്കൊണ്ട് ആ ശ്ലോകത്തിന്റെ കൎത്താവിനെ പറയിക്കുക തന്നെ ചെയ്തു. ആ ശ്ലോകം ഒരു ചംപൂവിലേതുമല്ലെന്നും, അത് ഒരു ജീവൽക്കവിയുടേതാണെന്നും അറിഞ്ഞതോടുകൂടി, അവരുടെ ആ പ്രശംസാവിലസിതം, പുലർവേളയിലെ പൂനിലാവ് ഉദയപ്രഭകൊണ്ടെന്നപോലെ, പതുക്കെപ്പതുക്കെ മങ്ങിത്തുടങ്ങി. എന്തിനേറെ? രണ്ടു മൂന്നു നിമിഷങ്ങൾക്കുള്ളിൽ, സ്വർഗ്ഗലോകത്തു വിഹരിപ്പിക്കപ്പെട്ടിരുന്ന ആ സാധുശ്ലോകം പാതാളത്തിന്റെ വക്കത്തെത്തിക്കഴിഞ്ഞു! ഇത്രയ്ക്കുണ്ട്, നമ്മളിൽച്ചിലൎക്കു പഴയ കാവ്യങ്ങളിൽ—വിശേഷിച്ചും ചംപൂകാവ്യങ്ങളിൽ—അന്ധമായ ആദരവ്.

പഴയചംപൂപ്രബന്ധങ്ങൾ വായിക്കേണ്ടവ തന്നെയാണ്. ഒരു രസകരമായ രചനാവിശേഷം അവയിൽ മിക്കതിനുമുണ്ട്; രാമായണചംപൂ മുതലായ അഞ്ചാറു ചംപൂക്കളാകട്ടേ, രചനാഭംഗിയിൽ ഏററവും മുന്തിനില്ക്കുന്നു. ഒരു ചംപൂശ്ലോകം നിങ്ങളെ കേൾപ്പിക്കാം:—

'മേളിച്ചു നല്ല മൃഗനാഭി തുഷാരതോയെ-
ന്നീളെത്തളിച്ചു ലളിതം മണിരംഗഭൂമൌ,
നാളീകലോലമിഴിമാർ മെഴുകീടിനാർ വ-
ന്നാലോലകുണ്ഡലമുദഞ്ചണൽക്കരണാഭിരാമം.'

(നൈഷധചംപൂ. പൂൎവ്വഭാഗം ൩൨.)

ഈ ശ്ലോകത്തിന്റെ ശബ്ദമാധുരി നിങ്ങളുടെ മനോഭൂമിയെ പനിനീരിൽക്കലക്കിയ കസ്തൂരികൊണ്ടു മെഴുകുന്നില്ലയോ! ചംപൂകാവ്യങ്ങളിൽ സ്വതന്ത്രകല്പനകൾ ചുരുങ്ങും. സംസ്കൃതകവികളുടെ ആശയങ്ങളെ പകൎത്തുകയാണ്, ചംപൂകാരന്മാർ പ്രായേണ ചെയ്തിരിക്കുന്നത്. ഈ അപഹരണത്തിനു കാരണം അവരുടെ അശക്തിയാണെന്നു തെററിദ്ധരിക്കരുത്. സംസ്കൃതകാവ്യങ്ങളുടെ സൌഭാഗ്യം സംസ്കൃതാനഭിജ്ഞരെക്കൊണ്ടു സമാസ്വാദിപ്പിക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശം; ഇത് അന്നത്തെ സ്ഥിതിക്ക് അത്യാവശ്യവുമായിരുന്നു. അന്നുമുണ്ട്, ഇന്നുമുണ്ട് ആശയാപഹരണം: നിങ്ങൾ ഇന്നു മഹാകവികൾ എന്നു വിളിക്കുന്നവരുടെ കൃതികളിൽത്തന്നെ പരസ്വം എത്രയെത്ര പകൎന്നിട്ടുണ്ടെന്നു നോക്കുക. വാസ്തവത്തിൽ ഒരു മഹാനായ പാശ്ചാത്യചിന്തകൻ പറഞ്ഞതുപോലെ, രണ്ടോ നാലോ സനാതനാഗ്ര

ന്ഥങ്ങളുടെ വ്യാഖ്യാനങ്ങളാകുന്നു, പില്ക്കാലത്തുണ്ടാകുന്ന ഗ്രന്ഥങ്ങളിൽ മിക്കവയും.

രാമായണവും ഭാരതവുമത്രേ, ഭാരതവർഷത്തിലെ സനാതനങ്ങളായ സാഹിത്യഗ്രന്ഥങ്ങളിൽ പ്രധാനങ്ങൾ. വിശ്വസാഹിത്യത്തിൽ ഇവക്കുള്ള സ്ഥാനം ശാശ്വതമായിരിക്കും. ഒരു കാലത്തു ഭൂഗോളത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും മഹത്തരങ്ങളായ മാനുഷസംസ്കാരങ്ങളെ അയച്ചുകൊടുത്തുകൊണ്ടിരുന്ന മനസ്വിനിയായ ഭാരതഭൂമിയുടെ പ്രാണനാഡികളാണിവ. ഇന്നത്തെ ചില ഉൽപതിഷ്ണുക്കളുടെ പ്രീതി സമ്പാദിക്കേണമെങ്കിൽ, ഇങ്ങിനെയല്ല പറയേണ്ടത്; ഈ പഴഞ്ചൻഗ്രന്ഥങ്ങൾ ആര്യബ്രാഹ്മണരുടെ മേന്മ സ്ഥാപിക്കാൻ എഴുതപ്പെട്ടവയാണെന്നും, പരിഷ്കൃതജീവിതത്തിന്നു പററിയവയല്ലെന്നും, മാറം തട്ടിവിടുകയാണ് വേണ്ടത്. എന്നാൽ അതു ഒരു ഘോരമായ അപരാധമായിരിക്കും. രാമായണ ഭാരതാദികൾ, അവയുടെ ആവിർഭാവകാലത്തു ജാതിഭേദത്തെ അറികയേ ചെയ്തിട്ടില്ല. അവയിലെ ജാതിപരങ്ങളായ സന്ദർഭങ്ങൾ പില്ക്കാലങ്ങളിൽ എഴുതിച്ചേർക്കപ്പെട്ടവയാകുന്നു. ഭാഗവതത്തിൽനിന്ന്, ഒരു ചെറിയ ഉദാഹരണം എടുക്കാം: രുഗ്മിണിയുടെ പ്രണയദൂതനായ ബ്രാഹ്മണയുവാവിനെ കൃഷ്ണൻ എഴുന്നേററു പൂജിച്ചിരുത്തി കാൽ തലോടിക്കൊടുത്തതായി ദശമസ്കന്ധത്തിലെ ഒന്നുരണ്ടു പദ്യങ്ങളിൽ നാം കാണുന്നു *; ഇപ്പാത്തുള്ള മറെറാരു ശ്ലോകത്തിലാകട്ടേ, കൃഷ്ണൻ ബ്രാഹ്മണന്റെ കൈ പിടിച്ചു ചിരിച്ചുംകൊണ്ടു സംസാരിച്ചുവെന്നും കാണുന്നു ×. നാം ആരുടെ കാൽ തലോടുന്നുവോ, ആ പൂജനീയനോട്, ഒരു ചങ്ങാതിയോടെന്നപോലെ, കൈ കുലുക്കി പിടിച്ചു സല്ലപിക്കുക എന്നതു സംഭാവ്യമാണോ? ഇതിൽനിന്നു നിഷ്പ്രയാസം ഊഹിക്കാമല്ലോ, കാൽതലോടലിനെക്കുറിച്ചുള്ള ശ്ലോകങ്ങൾ പില്ക്കാലത്തു ബ്രാഹ്മണരുടെ ജാത്യഭിമാനത്തിൽനിന്നു ജനിച്ചവയാണെന്ന്. മററുള്ള ജനങ്ങളെയെല്ലാം എന്നെന്നേക്കും കീഴ്പെടുത്തുന്നതിന്നുവേണ്ടി, ഇടക്കാലങ്ങളിലെ ബ്രാഹ്മ

---

* ദൃഷ്ട്വാ ബ്രഹ്മണ്യദേവസ്തമവരുഹ്യ നിജാസനേ
ഉപവേശ്യാർഹയാഞ്ചക്രേ, യഥാത്മാനം ദിവൌകസഃ.
തം ഭുക്തവന്തം വിശ്രാന്തമുപഗമ്യ സതാംഗതിഃ
പാണിനാഭിമൃശൻ പാദാവവ്യഗ്രസ്തമപൃച്ഛത.

(ദശമസ്കന്ധം-ഉത്തരാർദ്ധം 52-ാം അദ്ധ്യായം, 28, 29.)

× വൈദർഭ്യാഃ സ തു സന്ദേശം നിശമ്യ യദുനന്ദനഃ
പ്രഗൃഹ്യ പാണിനാ പാണിം പ്രഹസന്നിദമബ്രവീൽ.

(53-ാം അദ്ധ്യായം 1.)

ണർ അപ്പപ്പോൾ തുന്നിപ്പിടിപ്പിച്ച കപടാക്ഷരങ്ങൾ. നമ്മുടെ സംസ്കൃതമഹാഗ്രന്ഥങ്ങളിൽ പലതിലും മുഴച്ചുനില്ക്കുന്നുണ്ട്; അവ നമ്മളെ വേണ്ടതിലധികം അടിപെടുത്തുകയും ചെയ്യുന്നു. നോക്കുക: തൃപ്പാപ്പൂർസ്വരൂപത്തിലെ ഒരു യുവരാജാവുപോലും (അശ്വതി തിരുനാൾ തമ്പുരാൻ) തന്റെ രുക്മിണീസ്വയംവരം ആട്ടക്കഥയിൽ, രാജകുമാരിയായ രുക്മിണിയെക്കൊണ്ടും യാദവേശ്വരനായ കൃഷ്ണനെക്കൊണ്ടും ആ ദൂതബ്രാഹ്മണനെ വീണ്ടും വീണ്ടും വന്ദിപ്പിച്ചിരിക്കുന്നു. ഒരു 'കോവിലകംസേവന്' എത്രത്തോളം വന്ദനീയതയുണ്ടാവാമെന്നു നമ്മുടെ തമ്പുരാൻ ആലോചിക്കാതെ പോയതു, പരമ്പരാസിദ്ധമായ ബ്രാഹ്മണഭക്തിയുടെ സമ്മോഹനവിദ്യകൊണ്ടല്ലയോ! നേരേമറിച്ചു, നമ്പൂതിരിമാരുടെ ചവുട്ടടിയിൽക്കിടക്കുന്ന ഒരമ്പലവാസിയായിട്ടുകൂടി ഉചിതജ്ഞനായ ഉണ്ണായിവാരിയർ ദമയന്തിയെ പർണ്ണാദ-സുദേവന്മാരാകുന്ന ദൂതബ്രാഹ്മണരുടെ കാല്ക്കൽ കുമ്പിടുവിച്ചിട്ടില്ല (നളചരിതം ആട്ടക്കഥയിൽ); വാരിയരുടെ ഋതുപർണ്ണമഹാരാജാവും അത്ര ബ്രാഹ്മണഭക്തനല്ല! അഹോ, അന്നത്തെ ബ്രാഹ്മണർ സ്വജാതിക്ഷേമന്മയ്ക്കായി ആർഷസൂക്തങ്ങളിൽ അപ്രകാരമെല്ലാം കൂട്ടിക്കൂട്ടിയതുകൊണ്ടല്ലയോ, ഇന്നത്തെ ബ്രാഹ്മണർ ആഭിജാത്യഭ്രമത്തിൽനിന്നു സത്യമാർഗ്ഗത്തിലേയ്ക്കു കയറുവാൻ തീവ്രപ്രയത്നം ചെയ്യേണ്ടിവന്നത്!

നമ്മുടെ ആർഷഗ്രന്ഥങ്ങൾ ബ്രാഹ്മണശ്ലാഘികളാണെന്നുതന്നെ ഇരിക്കട്ടെ. ഇതുമൂലം അവയെ വർജ്ജിക്കുകയാണെങ്കിൽ, നാം അത്യാനന്ദകരവും അത്യുൽകൃഷ്ടവുമായ ഒരു സാഹിത്യലോകത്തിൽനിന്നു നിഷ്കാസിതരായിപ്പോവും; ഈ ദുർദ്ദശയ്ക്കു യാതൊരു പരിഹാരവുമില്ലതാനും.

മനുഷ്യൻ എങ്ങിനെയായാൽ മനുഷ്യനാകുമെന്നു മനോഹരമായ സാഹിത്യഭംഗിയിൽ ഉപന്യസിക്കുകയാണ് രാമായണ-ഭാരതാദികൾ ചെയ്യുന്നത്. നാം എത്ര വലിയ പരിഷ്കാരത്തിലെത്തിയാലും നമ്മുടെ മാർഗ്ഗദർശികളും മാതൃകാപുരുഷന്മാരും രാമ-യുധിഷ്ഠിരാദികൾതന്നെ. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, ഉൽകൃഷ്ടത തികഞ്ഞ പാത്രങ്ങളെയത്രേ, വാല്മീകി-വ്യാസന്മാർ നമുക്കു പരിചയപ്പെടുത്തിത്തന്നിട്ടുള്ളത്. അവരുടെ സൃഷ്ടിയിൽ രാവണ-ദുര്യോധന-കർണ്ണാദികൾ തന്നേയും നിന്ദനീയരല്ല. രാവണന്റെയും മറ്റും സൽഗുണങ്ങളിൽ ചില പോരായ്മകളെ ഉണ്ടാക്കിയത് ആർഷസിദ്ധാന്തത്തെ വേണ്ടുവോളം ഗ്രഹിക്കാതിരുന്ന അർവാചീനഭക്തകവികളുടെ നാരായമുനകളാകുന്നു. രാവണനെ കണ്ട സമയത്തു, രാമഭക്തന്മാരിൽ അഗ്രഗണ്യനായ ഹനുമാനെക്കൊണ്ടുപോലും,

'അഹോ രൂപ,മഹോ ധൈൎയ്യ,മഹോ സത്വമഹോ ദ്യുതി!
അഹോ രാക്ഷസരാജാവിൻ സൎവ്വലക്ഷണപൂൎത്തിയും!
അധൎമ്മമിത്ര വമ്പിച്ചിട്ടില്ലെന്നാലിയരക്കർകോൻ
രക്ഷിതാവായിരുന്നേനേ സേന്ദ്രമാമമർനാടിനും!'

(സുന്ദരകാണ്ഡം-൪൯-ാം സൎഗ്ഗം)

എന്ന് ആത്മഗതം ചെയ്യിച്ചിട്ടുള്ളതുതന്നെ മതി, വാല്മീകി രാവണനു കല്പിച്ചിട്ടുള്ള മാഹാത്മ്യം എത്രമേലാണെന്നു കാണിപ്പാൻ.

പ്രാചീനസൽഗ്രന്ഥങ്ങളെ പരിശീലിച്ചാലേ കവിതചത്തിന്നു വളൎച്ചയുണ്ടായി വരൂ. വായനയത്രേ വാസനയ്ക്കു വളം. വായനയുടെ കാൎയ്യത്തിൽ നമ്മുടെ പുതുകവികൾ അത്ര ശ്രദ്ധിക്കുന്നില്ലെന്നു ഞാൻ പലപ്പോഴും വ്യസനിക്കാറുണ്ട്. വിവക്ഷിതം വെളിപ്പെടുത്താൻ, തക്ക പദങ്ങൾ വേണം; അവയെ തക്ക സ്ഥാനങ്ങളിൽ വിന്യസിക്കുകയും വേണം. അതിന്നു പദപരിചയവും പദവിന്യാസരീതിപരിജ്ഞാനവും കൂടിയേ കഴിയൂ. ആശയസാമഞ്ജസ്യമെന്നപോലെ ഇവയും വ്യുൽപത്തികൊണ്ടേ സിദ്ധിക്കുകയുള്ളൂ. വ്യുൽപത്തി എന്നതു സംസ്കൃതഭാഷാപാണ്ഡിത്യമാണെന്നു കരുതി നിങ്ങൾ മുഖം തിരിക്കേണ്ട; വിശേഷജ്ഞാനമെന്നേ ഇതിന്നൎത്ഥമുള്ളൂ. സമുദ്രംപോലെ വിശാലഗഭീരമായിക്കിടക്കുന്ന സംസ്കൃതഭാഷയിൽ പാണ്ഡിത്യം സമ്പാദിച്ചിട്ടുവേണം, മലയാളി കാവ്യനിൎമ്മാണത്തിന്നൊരുങ്ങാനെന്ന് ആരും ശഠിക്കുന്നില്ല; കൈരളിക്കു സംസ്കൃതപദങ്ങളെ കൈവിടുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട്, അവയുടെ ശുദ്ധ്യശുദ്ധികൾ ധരിച്ചുവെയ്ക്കുക അയാളുടെ കൎത്തവ്യമാണെന്നുമാത്രം. ഇതു ചെയ്യാത്തതിനാലാണ്, അധികമാവുക എന്നൎത്ഥത്തിൽ 'അധികരിക്ക'ലും (=അധികാരപ്പെടുത്തൽ), പ്രതിനിധിയാവുക എന്നൎത്ഥത്തിൽ 'പ്രതിനിധീകരിക്ക'ലും (=പ്രതിനിധിയാക്കുക), ആകൎഷകം എന്നൎത്ഥത്തിൽ 'ആകൎഷണീയ'വും, സധൈൎയ്യം എന്നൎത്ഥത്തിൽ 'സധിര'വും, സഹാനുഭൂതി എന്നൎത്ഥത്തിൽ 'അനുഭാവ'വും, മററും നാം എഴുതുന്നവയിൽ ചാടിവീഴുന്നത്. ഈവക അപശബ്ദങ്ങൾ ഏതാണ്ടു പഴകിപ്പോയിരിക്കുന്നു; പുതിയപുതിയ അപശബ്ദങ്ങൾ നാൾതോറും പൊട്ടിമുളയ്ക്കുന്നുമുണ്ട്. "ഒരൊററശ്ശബ്ദം വഴിപോലെ മനസ്സിലാക്കി ശരിക്കു പ്രയോഗിച്ചാൽ, അതു സ്വൎഗ്ഗലോകത്തു കാമധേനുവായിത്തീരും. *" (പ്രയോക്താവിന്നു സ്വൎഗ്ഗവാസവും സൎവാഭീഷ്ടങ്ങളും

* 'ഏകഃ ശബ്ദഃ സമ്യഗ് ജ്ഞാതഃ സുപ്രയുക്തഃ സ്വൎഗ്ഗേ ലോകേ കാമധുഗ് ഭവതി.'

നൽകും) എന്ന ശ്രൌതവാക്യത്തിൽ വിശ്വാസമുള്ളവർ, അപശബ്ദ പ്രയോഗം പാപജനകവുംകൂടിയാണെന്നു പേടിച്ചേയ്ക്കും! ഇക്കാലത്തിലെ അതിവ്യുൽപന്നന്മാരെന്നു വിശ്രുതന്മാരായ മഹാകവികളുടെ കൃതികളിൽത്തന്നെയും ആന വലിച്ചാൽ നീങ്ങാത്ത അബദ്ധങ്ങൾ അവിടവിടെ കടന്നുകൂടിയിട്ടുള്ളതു നോക്കിയാൽക്കാണാം; ഈ സ്ഥിതിയ്ക്കു ചെറുകവികളുടെ അപശബ്ദപ്രയോഗങ്ങളെപ്പററി ആവലാതിപ്പെടുന്നതെന്തിന്?

പഴയ മണിപ്രവാളകൃതികളിൽ മിക്കവയും ഒരു വ്യാഖ്യാതാവിന്റെ സാഹായ്യം കൂടാതെ സാധാരണന്മാൎക്കു വായിച്ചു ഗ്രഹിയ്ക്കാവുന്നവയല്ല. ഇയ്യിടയിൽവെച്ച് ഉത്തമഗ്രന്ഥങ്ങൾക്കു വ്യാഖ്യാനം രചിയ്ക്കുന്നതിന്നായി പണ്ഡിതന്മാർ തുവലെടുത്തു തുടങ്ങിയിട്ടുള്ളത് ആശ്വാസകരം തന്നെ. അവരുടെ ഭാഷാഭിമാനത്തെയും പരിശ്രമത്തെയും നാം കൃതജ്ഞതാപൂൎവ്വം അഭിനന്ദിയ്ക്കുക. രണ്ടു നാലു മാസങ്ങൾക്കു മുമ്പേ പുറത്തു വന്നിട്ടുള്ള ഭാഷാനൈഷധചമ്പൂവ്യാഖ്യാനം, പഠിതാക്കൾക്കു പല പല പരിജ്ഞാനങ്ങളെ പ്രദാനം ചെയ്യുന്നതും പ്രശസ്തതരവുമാകുന്നു. പാട്ടത്തിൽ പത്മനാഭമേനോനവർകൾ പ്രശംസനീയമായ മനസ്സൈര്യത്തോടെ അഞ്ചുകൊല്ലം പരിശ്രമിച്ചതിന്റെ ഫലവും, വൈദുഷ്യസമ്പന്നനായ വടക്കുംകൂർ രാജരാജവൎമ്മരാജാവവർകളാൽ പരിശോധിതവുമായ ഒരു സവിസ്തരവ്യാഖ്യാനമാണിത്.

ഇത് അവിടവിടെ ഒന്നോടിച്ചു നോക്കാനേ എന്റെ അലസത സമ്മതിച്ചുള്ളു. ഉത്തരഭാഗത്തിൽ, പരിത്യക്തയായ ദമയന്തി, പിച്ചകവള്ളിയോടു നളനെ അന്വേഷിയ്ക്കുന്നതായ ൩൧-ാം ശ്ലോകത്തിന്റെ

"തല്ലസീന്നി തവ മോഹനാനി കുസുമാന്യരത്തു ധരണീതലാ-
കല്പമിന്നുടനഴിച്ചു കുന്തൽ മമ ചൂടുമോ! പെരുത്തു ചൂടു മേ!"

എന്ന ഉത്തരാൎദ്ധത്തിലുള്ള 'ധരണിതലാകല്പ'ത്തിന്നു ധരണീതലത്തിന്നു തുല്യം എന്നൎത്ഥം കല്പിച്ചു കുന്തലിന്റെ വിശേഷണമാക്കിയതു ചിന്തനീയമാകുന്നു. അങ്ങിനെയാണ് കവിവിവക്ഷയെങ്കിൽ, 'ധരണീതലകല്പ'മെന്നു പ്രയോഗിപ്പാനിടയുള്ളു: 'ധരണീതലം' സ്ത്രീലിംഗമാകയില്ല; 'ആകല്പം' സാദൃശ്യവാചിയുമല്ല. 'നിച'ത്തെ ബലാൽക്കാരേണ കേശോപമാനദ്രവ്യങ്ങളിൽ ഉൾപ്പെടുത്തിയാൽത്തന്നെയും, ദമയന്തി, തന്റെ തലമുടിയെ അതിനോടുപമിച്ചു വൎണ്ണിച്ചു എന്നു വരുന്നതാണോ? 'ധരണീതലാകല്പം: ധരണീതലത്തിന്ന് ആകല്പം=അലങ്കാരഭൂതൻ - നളൻ' എന്നൎത്ഥം സുഗ്രഹമായിരിയ്ക്കും, വള്ളത്തോൾ വഴിയിൽ പാഞ്ഞ കവി

റിയ വ്യാഖ്യാതാവിനെ പരിശോധകൻ തടുക്കേണ്ടതായിരുന്നു. ഇതിന്നടുത്തുതന്നെയുള്ള

'ആധി മേ മനസി ഹന്ത, പാരമേ
കാതരാസ്മി വരടാസുമൌഘമേ
ശംസ മേ രമണമിന്നു കണ്ടിതോ
ഹംസമേ, ഖഗകുലാവതംസമേ?'

എന്ന ശ്ലോകത്തിലെ 'വരടാസുമൌഘമേ' എന്ന പദത്തിന്നു 'മുല്ലപ്പൂക്കൂട്ടമേ' എന്നർത്ഥം കൊടുത്തിട്ടുള്ളതും തിരുത്തേണ്ടതാണെന്നു തോന്നുന്നു. വരടശബ്ദം നപുംസകലിംഗമായാലേ, കുരുക്കുത്തിമുല്ലയാകയുള്ളു എന്നതിരിക്കട്ടെ: 'മുല്ലപ്പൂക്കൂട്ടമേ' എന്ന സംബുദ്ധി ധാവള്യമൂലകാധ്യവസായദ്വാരാ ഹംസവിശേഷണമാണെന്നു കല്പിക്കുകയാണെങ്കിൽ, അതു വിവരിക്കാഞ്ഞതു, സവിസ്തരവ്യാഖ്യാനമെന്ന വിശേഷണം യോജിച്ചതല്ല; പൂർവ്വാർദ്ധം 'മുല്ലപ്പൂക്കൂട്ട'ത്തോടുതന്നെ പറഞ്ഞതാണെന്നു കല്പിക്കുകയാണെങ്കിൽ, അതിന്നു പ്രകരണം അനുകൂലവുമല്ല. ഓരോന്നിനോടു ഓരോ ശ്ലോകംകൊണ്ടാണല്ലോ ദമയന്തിയുടെ കാന്താന്വേഷണം. വരടാസുഖൌഘമേ (=അന്നപ്പിടയുടെ സുഖപുഞ്ജമേ—പ്രിയതമ) എന്നായിരിക്കും കവികല്പിതപാഠം. അതിലെ ഖകാരം പകർത്തെഴുത്തിൽ മകാരമായി മാറിയതാവാം, നമ്മുടെ വ്യാഖ്യാതാവിന്റെ പ്രമാദത്തിന്നു പ്രധാനകാരണം. 'സ്ഥിതസ്യ ഗതിഃ' എന്ന ന്യായം മാത്രം പിടിച്ചു വ്യാഖ്യാനിച്ചാൽ ഇങ്ങനെ ചില ന്യൂനതകൾ പററിപ്പോവാം. 'തട്ടാൻപൂവും വഴിയിലഴകാന്നമ്പലം' എന്ന ഉണ്ണുനീലിസന്ദേശശ്ലോകാംശത്തിലെ അഴക് അഴലായി മാറിയതുനിമിത്തം, തദ്വ്യാഖ്യാതാവിന്നു, ഒരു ക്ഷേത്രവും, ഒരു തട്ടാൻ പണ്ടു വഴിക്കുവെച്ചു ദുഃഖത്തിൽപ്പെട്ടു എന്നാദിയായ ഒരൈതിഹ്യവും കെട്ടിച്ചമക്കേണ്ടിവന്നതു ഞാനിപ്പോൾ അനുസ്മരിക്കുന്നു. 'വഴിയിൽ അഴകാന്ന തട്ടാൻപൂവും അമ്പലം= (ഹിരണ്യപൂർവ്വം കശിപും എന്ന മാതിരി) തട്ടാനമ്പലം—മാവേലിക്കരെക്കടുത്ത ഒരു പ്രദേശം—എന്നാണല്ലോ ഇതിന്നർത്ഥം. വ്യാഖ്യാനങ്ങളെ നാം കണ്ണടച്ചു വിശ്വസിച്ചുകൂടാ എന്നു കാണിപ്പാൻവേണ്ടി മാത്രമാണ്, ഇതിവിടെ പ്രസ്താവിച്ചത്.

വ്യാഖ്യേയങ്ങളായ ഗ്രന്ഥങ്ങൾക്കു വ്യാഖ്യാനം നിർമ്മിക്കണം; അവയെ കഴിയുന്നേടത്തോളം വിശുദ്ധീകരിച്ച് അച്ചടിപ്പിച്ചു പ്രചരിപ്പിക്കണം; ഇരുട്ടറകളിൽക്കിടന്നു ദ്രവിക്കുന്ന ഗ്രന്ഥങ്ങളെ വെളിച്ചത്തെക്കു കൊണ്ടുവരണം; വായനയിൽ പൊതുജനങ്ങൾക്കു അഭിരുചിയു

ണ്ടാക്കണം; പല ഇടങ്ങളിലും വായനശാലകൾ തുറക്കണം; വിവിധവിഷയകങ്ങളായ പുതിയപുതിയ ഗ്രന്ഥങ്ങൾ സ്വയം നിൎമ്മിക്കുകയോ, ഇതരഭാഷകളിൽനിന്നെടുക്കുകയോ ചെയ്യണം—ഇങ്ങിനെ എണ്ണമില്ലാത്ത കൎത്തവ്യങ്ങളുണ്ട്, നിങ്ങളുടെ യൌവനത്തുടിപ്പിനെ മുഖത്തെക്കു നോക്കിനില്ക്കുന്നു. അതിനാൽ, ഈ സമ്മേളനത്തിൽനിന്നു, നമ്മുടെ സാഹിത്യത്തിന്റെ സൎവ്വാംഗീനമായ അഭിവൃദ്ധിയൊന്നിനെത്തന്നെ ലക്ഷ്യമാക്കി വേലചെയ്യുന്നതിന്ന്, ഒരു പ്രബലമായ സംഘം, പൊന്തിവരേണ്ടിയിരിക്കുന്നു. ഭാഗ്യത്താൽ, അഭ്യസ്തവിദ്യരായ ഒട്ടേറെ യുവാക്കന്മാർ ഇന്നു കേരളത്തിലുണ്ടല്ലോ. അവരിൽ ചുരുങ്ങിയത് ഒരായിരം പേർ മാതൃഭാഷാസേവനത്തിന്ന്, ആ പുണ്യംതന്നെ പ്രതിഫലമായിക്കരുതി, കാപ്പുകെട്ടിപ്പുറപ്പെടട്ടേ; ഓരോ വകുപ്പിന്നും എത്രപേർ വേണമോ, അത്രപേർ അതിൽച്ചേൎന്നു പ്രസ്തുതവിഷയങ്ങളിൽ പ്രവൎത്തിക്കട്ടെ.

പട്ടണങ്ങളിലല്ല, ഗ്രാമങ്ങളിലാണ് ഭാരതഭൂമിയുടെ യഥാൎത്ഥസാന്നിദ്ധ്യം; അതിനാൽ നാട്ടുപുറങ്ങളത്രേ നിങ്ങളുടെ കൎമ്മരംഗങ്ങൾ. നിങ്ങളിൽ കുറെപേർ ഓരോ അംശത്തിലും സഞ്ചരിച്ചു തന്നിവാസികളെ, വിദ്യാഭ്യാസത്തിന്റെ അത്യാവശ്യകതയും സാഹിത്യത്തിന്റെ മഹിമയും സുകുമാരമായ ഭാഷയിൽ പറഞ്ഞുധരിപ്പിക്കുക; ഹൃദയംഗമങ്ങളായ കാവ്യശകലങ്ങളെ കൎണ്ണാനന്ദകരമാംവണ്ണം ചൊല്ലിക്കേൾപ്പിച്ച് അതിന്റെ സാരസ്യം മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യു. ഇതുചെയ്താൽ, അവരുടെ സ്ഥിതിക്കൊത്ത വായനശാലകൾ സ്ഥാപിപ്പാൻ അവർതന്നെ ഉത്സാഹിച്ചുകൊള്ളും. സാഹിത്യാമൃതത്തിന്റെ ഒരു തുള്ളി അകത്തു ചെന്നാൽമതി, മനുഷ്യന്നു, മാനസദാഹത്തിനു മറ്റൊന്നും കിട്ടിയാൽ പോരാ എന്നാവാൻ! ഇങ്ങിനെ വായനക്കാർ ഏറിയേറിവരുന്നതോടുകൂടി, നിങ്ങളുടെ ഗ്രന്ഥകാരന്മാരിൽ ലക്ഷ്മീകടാക്ഷവും ഒട്ടൊട്ടു പതിഞ്ഞുതുടങ്ങും. സാഹിത്യമെന്നോ കലാവിദ്യകളെന്നോ കേട്ടിട്ടുപോലുമില്ലാത്ത എത്രയെത്ര പാവങ്ങളുണ്ട്, നമ്മുടെ നാട്ടിൽ മുക്കാലും മൃഗനിൎവ്വിശേഷരായി ജീവിച്ചുപോരുന്നു! അവരുടെ പാഴ്ക്കുടിലുകളിൽ, നിങ്ങൾക്കു കിട്ടിയ വിജ്ഞാനംകൊണ്ടു വെളിച്ചം വെച്ചുകൊടുക്കുക. ജാതിശാസനത്താൽ മനുഷ്യത്വത്തിൽനിന്നുതന്നെയും അകററിനിൎത്തപ്പെട്ടിരിക്കുന്ന ഓരോ സാധുവിനേയും നിങ്ങൾ സസ്നേഹം കൈക്കു പിടിച്ചു സരസ്വതീക്ഷേത്രത്തിൽ പ്രവേശിപ്പിക്കുവിൻ. ഈ ക്ഷേത്രപ്രവേശനത്തിന്നു പുരോഹിതന്റേയോ ഭരണാധികൃതന്റേയോ അനുമതിപത്രം കിട്ടേണ്ടതില്ലല്ലോ.

പ്രവർത്തകന്മാർ പ്രതിഫലം കാംക്ഷിക്കുന്നില്ലെങ്കിലും, മററു ചെലവുകൾക്കു പണം വേണ്ടയോ? അതിന്നെന്തുപായം? നമ്മുടെ പണക്കാർ തരുമോ? ശ്രീദേവി വാഗ്ദേവിയെ സൽക്കരിച്ചിരുന്ന ഒരു സുവൎണ്ണകാലം കേരളത്തിലുമുണ്ടായിരുന്നു; അതിനി തിരിച്ചുവരുമോ, ആവോ? ഇന്നു്, നമ്മുടെ പണക്കാരിൽ പലൎക്കും അവരുടെ ഭാഷയെപ്പററിയോ സാഹിത്യത്തെപ്പററിയോ ആലോചിപ്പാൻ സമയമില്ല; ഈവക ചെറിയ ചെറിയ വിഷയങ്ങൾക്കു ചെന്നുകേറാവുന്നതല്ലതാനും അവരുടെ ഉയൎന്ന തലം. അവൎക്കു വല്ല സായ്പന്മാരും വരുന്നുണ്ടെന്നു കേട്ടാൽ ഉപചാരപൂൎവ്വം എതിരേല്പാൻ, ഉജ്ജ്വലമായ ഉടുപ്പണിഞ്ഞു, മഞ്ജുളമായ മാലയും കയ്യിൽത്തൂക്കി, തീവണ്ടിയാപ്പീസ്സിൽച്ചെന്നു നില്ക്കണം; ആ സായ്പന്മാരെ ആയിരക്കണക്കിൽ പണം വിതറി വിരുന്നൂട്ടണം; കടത്തിൽ മുങ്ങിയാലും കസവുതൊപ്പി നനയാതെ നോക്കണം; മോടി തികഞ്ഞ മോട്ടോർകാർ എവിടെ, എത്രയായിരം പവന്നു കിട്ടുമെന്നന്വേഷിക്കണം; ആറേഴായിരം നാഴിക അകലത്തുനിന്നു വിലയേറിയ ബിരുദങ്ങൾ വരുത്തിവെയ്ക്കണം; മററു വല്ലതിന്നും അവരുടെ നെടുമ്പിളന്മടിശ്ശീല വായ് പൊളിയ്ക്കുമെങ്കിൽ അതു പാവങ്ങളുടെ പ്രയത്നഫലം വിഴുങ്ങാനായിരിയ്ക്കും!

അതിനാൽ സാമാന്യജനങ്ങളുടെ നിഷ്കളങ്കൌദാൎയ്യംതന്നെ, നമുക്കു മുഖ്യാവലംബം. അവരോടു്, അവരുടെ ഭാഷയ്ക്കുള്ള ഓഹരി യാചിച്ചു വാങ്ങുന്നതിന്നായി, നിങ്ങളുടെ ഇടയിൽനിന്നു വിദഗ്ദ്ധതയും വിശ്വസ്തതയുമേറിയ കുറേപ്പേർ ഒരുങ്ങിപ്പുറപ്പെടട്ടെ. കേരളത്തിൽമാത്രം പോരാ, കേരളീയാധിവാസമുള്ള വിദേശങ്ങളിലും സഞ്ചരിയ്ക്കണം. ഈരണ്ടിരണ്ടു പേർ മാത്രമായി സഞ്ചരിയ്ക്കുന്നതാണു് അധികം നല്ലതു്. വേഷം ഭിക്ഷുക്കളുടേതുപോലിരിയ്ക്കണം: കാവിയിൽ മുക്കിയ ഖദർവസ്ത്രങ്ങളേ ധരിയ്ക്കാവൂ; അത്യാവശ്യകങ്ങളായ യാത്രോപകരണങ്ങളടങ്ങിയ ഓരോ സഞ്ചി, സാഹിത്യോപാസനഭാരം ചുമന്ന തോളിൽ തൂങ്ങി നിന്നുകൊള്ളട്ടെ. ദേഹം മറപ്പാൻ മാത്രം ധരിച്ചിട്ടുള്ള ചെറുകുപ്പായത്തിന്മേൽ, നെഞ്ചിന്റെ ഇടത്തുവശത്തു, തുഞ്ചത്താചാൎയ്യപാദരുടെ ഛായാമുദ്ര പതിച്ചിരിയ്ക്കണം. ആ ഗുരുവാൎയ്യൻ അവരുടെ ഹൃദയത്തിൽ സ്ഥിതിചെയ്തു്, അതിനെ സദാ വിശുദ്ധവും പ്രബുദ്ധവുമാക്കട്ടെ. ഛായയെഴുതിത്തരുവാൻ, സങ്കല്പശക്തിയുള്ള ചിത്രകാരന്മാരിലാരെങ്കിലും ദയ ചെയ്യാതിരിയ്ക്കയില്ല. യാത്രച്ചെലവിന്നായി ഒരു കാശും കയ്യിലെടുക്കരുതു്. സ്രഷ്ടാവു തന്ന കാലുരണ്ടുംതന്നെ വാഹനം. ആഹാരാദികൾക്കുണ്ടോ പ്രയാസം: അതിഥികളുടെ മുമ്പിൽ വാതിൽ കൊട്ടിയടയ്ക്കാത്തവയാണല്ലോ, കേരളീയത്തറവാട്ടുകൾ മിക്കവയും. കേരളത്തിൽ

സഞ്ചരിയ്ക്കുന്നതു ശരൽക്കാലത്തും ഹേമന്തകാലത്തുമായാൽ തളർച്ചയ്ക്കു കുറവും, പിരിവിന്നു കൂട്ടരുമുണ്ടാവും. സൌഭാഗ്യവും സമ്പത്തുമേറിയവയാണല്ലോ, കേരളത്തിൽ ശരത്തും ഹേമന്തവും.

എന്റെ യുവഭിക്ഷുക്കളേ, നിങ്ങൾ മാതൃഭാഷയെക്കുറിച്ചുള്ള സ്തോത്രങ്ങൾ പാടിക്കൊണ്ട് ഓരോ ഗൃഹത്തിലും ചെന്നുകേറി ഗൃഹനാഥനെ ലഘുലേഖകൾകൊണ്ടോ ലളിതഭാഷണങ്ങൾകൊണ്ടോ കാര്യത്തിന്റെ ഗൌരവം തികച്ചും ധരിപ്പിയ്ക്കണം. ഹൃദയമുള്ളവരിലാരും നിങ്ങളുടെ പിച്ചപ്പാത്രത്തെ യഥാശക്തി മാനിയ്ക്കാതിരിക്കയില്ല. പണം ചോദിയ്ക്കുമ്പോൾ, ചിലർ മുഖം കറപ്പിച്ചു എന്നു വരാം; എന്നാൽ നിങ്ങളുടെ മുഖം പ്രസന്നംതന്നെയായിരിക്കണം. ചിലർ പരുഷം പറഞ്ഞേയ്ക്കാം. അതു നിങ്ങളെ മൃദുഭാഷികളല്ലാതാക്കരുതു്. ചിലർ ശകാരിയ്ക്കുക തന്നെ ചെയ്യേക്കാം; അപ്പോൾ നിങ്ങൾ എന്റെ കൂട്ടുകാരായി(ബുധരന്മാരായി)ത്തീൎന്നുകൊള്ളണം. ആശാഭംഗം നിങ്ങളെ സ്പൎശിക്കരുതു്. പൎവ്വതങ്ങൾക്കൊത്ത വിഘ്നങ്ങളെപ്പോലും പുറംകാൽകൊണ്ടു തട്ടിനീക്കുവിൻ. രാജ്യസ്നേഹവും സ്ഥിരനിശ്ചയവും നിങ്ങളുടെ മുഖത്തു വിളയാടട്ടെ. ഉദ്ദേശം നിറവേറുന്നതുവരെ പിന്തിരിയുകയില്ലെന്നു ശപഥം ചെയ്യുവിൻ! "ഒരിയ്ക്കലും തളരാത്ത സിരകൾ, നിറം പകരാത്ത കണ്ണുകൾ, പതറിപ്പോകാത്ത വിചാരങ്ങൾ എന്നിവയത്രേ വിജയാചാര്യന്മാർ" എന്ന് ഒരു പാശ്ചാത്യപണ്ഡിതൻ ഉപദേശിച്ചിട്ടുള്ളതു നിങ്ങളുടെ മനോഭിത്തിയിൽ മായാതെ കിടക്കട്ടെ.

ഈ പരിപാവനമായ ഭിക്ഷുവ്രതം ഒരാണ്ടിൽ ഒരു നാലുമാസം അനുഷ്ഠിയ്ക്കാമെങ്കിൽ, നിങ്ങൾ സിദ്ധാൎത്ഥരായിച്ചമയും; സമസ്തകേരള സാഹിത്യപരിഷത്തിന്റെ അരുമസ്സന്താനമായ ഈ യുവജനസാഹിത്യസമാജം, അമ്മയെ വീരപ്രസൂശബ്ദത്തിന്നൎഹയാക്കുവാൻ പൎയ്യാപ്തവുമാവും! എന്ത്! ഭിക്ഷുതപത്തിൽ നിങ്ങൾക്കു ലജ്ജയോ? കഷ്ടപ്പാടിൽ ഭയമോ? ഭാരതത്തിലെ ഭിക്ഷുക്കളുടെ കാഷായവസ്ത്രങ്ങളല്ലയോ, ഒരു കാലത്തു ഭാരതത്തിനു പുറത്തും സുപ്രഭാതപ്രഭയെ വീശിപ്പോന്നത്! ആ സൎവ്വസംഗപരിത്യാഗികളായ കൎമ്മയോഗികളുടെ പിന്തുടൎച്ചക്കാരാണ് നിങ്ങൾ; ത്യാഗസന്നദ്ധതയും, ക്ലേശസഹിഷ്ണുതയും, അക്ഷോഭ്യതയും, ക്ഷമാശീലതയും നിങ്ങളുടെ യുവസിരകളിൽ പററിക്കിടക്കുന്നുണ്ട്; അവയെ കുലുക്കിയുണൎത്തുവിൻ!

മലയയും മലയന്മാരും. *

[വി. നാരായണമേനോൻ.]

'മലൈ' എന്നതു പൎവ്വതം എന്ന അൎത്ഥത്തെ സൂചിപ്പിക്കുന്ന ഒരു തമിഴ് പദമാകുന്നു. പുരാണാദി സാഹിത്യഗ്രന്ഥങ്ങളിൽ പശ്ചിമഘട്ടവും അതിന്റെ പരിസരപ്രദേശങ്ങളും മലനാടു എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതു്. ഈ നാടു ഭരിച്ചിരുന്ന തമിഴ് പ്രധാനിയെ 'മലയമാൻ—കാരി—കാരി' (മലനാട്ടരചൻ) എന്നു വിളിച്ചിരുന്നു.

അതി പുരാതനങ്ങളായ സംസ്കൃതസാഹിത്യഗ്രന്ഥങ്ങളിൽ പോലും മലയപൎവ്വതത്തെപ്പററി പുകഴ്ത്തിയിട്ടുണ്ടു്. മലയജം, മലയശിഖരി എന്നും മററുമുള്ള പദങ്ങൾ ധാരാളമായിരുന്നു പശ്ചിമഘട്ടത്തെയാണിവിടെ മലയം എന്ന വാക്കിനാൽ വിവക്ഷിച്ചിട്ടുള്ളതു്. ഇന്നു ഹിന്തുമഹാസമുദ്രം കിടക്കുന്ന ദിക്കിൽ പണ്ടൊരു വലിയ ഭൂഖണ്ഡമുണ്ടായിരുന്നു എന്നും ഒരു മഹാപ്രളയത്തിൽ ആ ഭൂഭാഗം ആണ്ടുപോയപ്പോൾ മനുവിന്റെ തോണി ഇപ്പോൾ നാം പശ്ചിമഘട്ടമെന്നു പറയുന്ന മലയശിഖരിയിൽ ആണു് രക്ഷപ്രാപിച്ചതു എന്നും മററും 'ശതപഥബ്രാഹ്മണം' എന്ന പുരാതന സംസ്കൃതഗ്രന്ഥത്തിൽ കാണുന്നുണ്ടു്.

ക്രി. അ. 6-ാം ശതകത്തിന്റെ ആദ്യകാലത്തു ഇന്ത്യയിൽ സഞ്ചരിച്ചിരുന്ന ഹ്യയൻസാങ്ങ് എന്ന ചീനപണ്ഡിതൻ തന്റെ യാത്രാവാൎത്തയിൽ മലയകൂടത്തേയും മററും പററി വിസ്തരിക്കുന്ന അവസരത്തിൽ ഇപ്രകാരം പറയുന്നു. "......ഇതിന്റെ തെക്കുഭാഗമായി മലയാളക്കരയുടെ തെക്കെ അതൃത്തിയിൽ ചന്ദനദ്രുമങ്ങളുടേയും കർപ്പൂരത്തിന്റേയും വിളനിലവും വിഖ്യാതവുമായ മലയപൎവ്വതം ശോഭിക്കുന്നു."

ചില പുരാതനഗ്രന്ഥങ്ങളിൽനിന്നും മററും നമുക്കു ഇന്നു മലയാളരാജ്യം എന്ന പേരിൽ അറിയപ്പെടുന്ന ഭൂഭാഗം ഉദ്ദേശം 2300 കൊല്ലങ്ങൾക്കു മുമ്പു ഉണ്ടായിരുന്നില്ല എന്നും അന്നു അറബിക്കടലിലെ തിരമാലകൾ മലയപൎവ്വതങ്ങളുടെ സാനുപ്രദേശങ്ങളിൽവന്നു അടിച്ചിരുന്നു എന്നും ഗ്രഹിക്കാം. ജമദഗ്ന്യമഹൎഷിയുടെ കേരളസൃഷ്ടിയെക്കുറിച്ചുള്ള ഐതിഹ്യങ്ങളും ഭൂഗൎഭതത്വശാസ്ത്രപ്രകാരമുള്ള ഗവേഷണഫലങ്ങളും എല്ലാം ഈ അഭ്യൂഹത്തെ പിന്താങ്ങുവാൻ പൎയ്യാപ്തങ്ങളായവയുമാണു്. മി: ഫിലിപ്സ്‌ലേക്ക് എന്ന ഭൂഗൎഭതത്വശാസ്ത്രജ്ഞൻ മലയാള

---

* മലയ ജേൎണലിൽനിന്നു് ? മലയ ഭൂമിചിപ്.

ക്കരെ ഒരു കാലത്തു ഇന്നത്തെ ഭൂവിതാനത്തേക്കാൾ 500 അടി താഴെയാണു നിന്നിരുന്നതു എന്നും അക്കാലത്തു സമുദ്രം സഹ്യപർവ്വതതാഴ്വാരം വരെ വ്യാപിച്ചിരുന്നു എന്നും ബലമായി അഭിപ്രായപ്പെടുന്നു.

ക്രി. അ. 15-ാംശതകംവരേ ഇന്ത്യയുടെ കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന രാജ്യങ്ങളുമായി കച്ചവടം ചെയ്തിരുന്ന വണിക്കുകളും സമുദ്രതരണം ചെയ്തു അവിടെകുടിപാർപ്പു തുടങ്ങിയവരും തമിഴ് ഭാഷയാണ് സംസാരിച്ചിരുന്നതു്. മലനാട്ടിൽ നിന്നു പോയവരും ഇതിൽ നിന്നു വ്യത്യസ്തപ്പെട്ടവരായിരുന്നില്ല. മലയാളഭാഷ ഒരു കാലത്തു 'സാക്ഷാൽ തമിഴിന്റെ സാഹോദര്യം' ശരിയായി വഹിച്ചിരുന്നു. മലയാളഭാഷയിൽ ഒരു കാലത്തു ധാരാളം തമിഴു പദങ്ങൾ ഉണ്ടായിരുന്നുവല്ലോ.

ക്രി. മു. ഒന്നാംശതകത്തിൽ വിരചിതമായതെന്നു വിചാരിക്കപ്പെടുന്ന തമിഴ് ഭാഷയിലെ പഞ്ചമഹാഗ്രന്ഥങ്ങളിൽ അഗ്രഗണ്യമായ 'മണിമേഖല' എന്ന ഗ്രന്ഥത്തിൽ തമിഴ് നാട്ടിലെ ജനങ്ങൾ സുമത്ര, ജാവ, മുതലായ ദ്വീപുകളായിട്ടും, ഇൻഡോ-ചൈന, ചീനരാജ്യം ഇവയായിട്ടും കച്ചവടം ചെയ്തിരുന്നു എന്നു ഘോഷിക്കുന്നുണ്ടു്. ഡബ്ളിയു-എച്ച്. സ്കോഫ് (W. H. Schoff) എന്ന പണ്ഡിതൻ "പെരിപ്ലസ്" എന്ന ഗ്രന്ഥത്തിൽ "മൃഗപ്രായമായ അപരിഷ്കൃതനിലയിൽ നിന്നു യവനന്മാർ പരിഷ്കാരികളായി പരിണമിക്കുന്നതിനു ഏകദേശം ഒരു സഹസ്രം വത്സരങ്ങൾക്കു മുമ്പുതന്നെ ഈജിപ്തുകാരും പുരാതനഭാരതവർഷത്തിലെ നിവാസികളും രാഷ്ട്രമായി അന്യോന്യം പ്രാപിച്ചിരുന്നു എന്നും അവർ തമ്മിൽ വാണിജ്യബന്ധത്തിൽ വർത്തിച്ചിരുന്നു" എന്നും ഒരിടത്തു പറഞ്ഞിട്ടുണ്ടു്. ഇന്ത്യയിലെ പരിഷ്കാരപുരോഗമനത്തിന്റെ ഫലമായി, യൂഫ്രട്ടീസ്സ നദീതീരപ്രദേശങ്ങളായും ആഫ്രിക്കയായും കിഴക്കൻ രാജ്യങ്ങളായും കച്ചവടം ചെയ്യാൻ ഉതകുന്ന വിധത്തിലുള്ള ഒരു കപ്പലോടസംഘം ഇവിടെ ഉണ്ടായിരുന്നു എന്നുകൂടി അദ്ദേഹം പറയുന്നുണ്ടു്.

അക്കാലത്തു ഹിന്ദുരാജാക്കന്മാരാൽ ഭരിക്കപ്പെട്ടിരുന്ന ചില രാജ്യങ്ങൾ പോലും ഈ കിഴക്കൻ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. ഇപ്രകാരം അനവധി ഹിന്ദുരാജ്യങ്ങൾ ആ പ്രദേശങ്ങളിൽ ചിതറിക്കിടക്കുക കാരണം ഇന്ത്യയും കിഴക്കൻരാജ്യങ്ങളുമായുള്ള കച്ചവടം വളരെക്കാലത്തേക്ക് തടവെന്യേ നടന്നുകൊണ്ടിരുന്നു. ഇപ്രകാരമുള്ള വാണിജ്യാഭിവൃദ്ധികാരണം മലനാട്ടിൽനിന്നും അനവധി കച്ചവടക്കാരും പരിശ്രമശീലന്മാരായ കൃഷകന്മാരും സുമത്ര മുതലായ ദ്വീപസമൂഹങ്ങളിലുള്ള ഉന്നതപ്രദേശങ്ങളിൽ സ്ഥിരതാമസക്കാരായിത്തീർന്നു. കാലക്രമത്തിൽ ഇത്തരത്തിലുള്ള കുടിപാർപ്പുസ്ഥലങ്ങൾ വർദ്ധിച്ചുവരികയും

രണ്ടു ശതാബ്ദങ്ങൾകൂടി കഴിഞ്ഞപ്പോൾ (ജാവാ സാമ്രാജ്യം ശിഥിലമായ തോടുകൂടി) സുമത്രാദ്വീപിലുണ്ടായിരുന്ന മലയപ്രധാനികൾ ആ ദ്വീപിൽ പലഭാഗങ്ങളിലും രാജാവെന്നനിലയിൽ സ്വാധികാരം നടത്തുവാൻ തുടങ്ങുകയും ചെയ്തു. ഈ സ്ഥാപനങ്ങൾക്കെല്ലാംകൂടി 'സുമാത്രെ' എന്ന പിൻകാലങ്ങളിലെ കുടിയേറിപ്പാർപ്പുകാർ പേരിട്ടു. ഇപ്രകാരം കുടിപാർപ്പു തുടങ്ങുന്നതിനു മുമ്പ് ആ ദ്വീപു എന്തു നാമത്താലാണ് അറിയപ്പെട്ടിരുന്നതു് എന്നു തീർച്ചപറയുവാൻ യാതൊരു നിവൃത്തിയുമില്ല. 'സുമാത്രെ' എന്നുള്ളതു് 'സാമൂതി' എന്ന പദത്തിൽനിന്നു സംക്രമിച്ചതാണ്! 'സാമൂതി' അല്ലെങ്കിൽ 'സാമൂതിരി' എന്നതു കുന്നലക്കോനാതിരിയുടെ സ്ഥാനവുമാണല്ലോ.

മലയദ്വീപസമൂഹത്തിൽ അധിവസിക്കുന്ന ജനങ്ങൾ ഭാരതഖണ്ഡത്തിന്റെ ദക്ഷിണപ്രദേശങ്ങളിൽനിന്നു സുമാത്രാദ്വീപിൽ കുടിയേറിപ്പാർത്തു അവിടെയുണ്ടായിരുന്ന ആദിമനിവാസികളുമായി സഹവസിച്ച ഒരു സങ്കരജാതിയായിത്തീർന്ന് ക്രമേണ ആ രാജ്യത്തിന്റെ മദ്ധ്യഭാഗത്തും സസ്യസമൃദ്ധമായ മററു ഭാഗങ്ങളിലും താമസം ഉറപ്പിച്ചവരുടെ സന്താനപരമ്പരകളാണെന്നു വിചാരിപ്പാൻ ധാരാളം ന്യായം കാണുന്നുണ്ടു്,' എന്നു് സർ. ഫ്രാങ്ക് സ്വീററൺഹാം എന്ന മഹാൻ തന്റെ 'ബ്രിട്ടീഷ് മലയ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടു്.

കലിംഗരാജ്യം ദ്രാവിഡവർഗ്ഗക്കാരാൽ ക്രിസ്തുവിന്നു് 1800 കൊല്ലങ്ങൾക്കു മുമ്പെ സ്ഥാപിതമായതാണ്. അതു ആ വർഗ്ഗക്കാരുടെ ഒരു പ്രധാന സങ്കേതമായിരുന്നു എന്നു മാത്രമല്ല, ഡക്കാനിലെ പ്രശസ്തിയേറിയ ഒരു രാജ്യവുംകൂടിയായിരുന്നു. ബങ്കാളവും ഒറിസ്സയും ഈ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. സിങ്കപുരം അഥവാ ഇന്നത്തെ സിങ്കപ്പൂർ എന്ന പട്ടണം കലിംഗന്മാർ ജാവയിൽ ഒരു സാമ്രാജ്യം സ്ഥാപിക്കുവാൻ ഉദ്യമിച്ചിരുന്നകാലത്തുതന്നെ അവരാൽ നിർമ്മിക്കപ്പെട്ടതാണത്രെ.

കർണ്ണൽ ഗരിനി (Colanel Girini) ഇന്തോ-ചൈനയെപ്പററി വിസ്തരിക്കുന്ന അവസരത്തിൽ ഇങ്ങിനെ പറയുന്നു: "ക്രിസ്തുവിന്നു വളരെക്കാലം മുമ്പുമുതൽക്കുതന്നെ ഭാരതഖണ്ഡത്തിന്റെ ഉത്തരദേശങ്ങളിൽനിന്നും ദക്ഷിണദേശങ്ങളിൽനിന്നും കച്ചവടസംഘങ്ങളും കുടിയേറിപ്പാർപ്പുകാരും ധാരാളമായി മലയയിലേക്കു വന്നുകൊണ്ടിരുന്നു. ഇവരിൽ ചിലർ ബർമ്മയിൽകൂടി കടന്നു കരവഴിയായി ഈ അർദ്ധദ്വീപിന്റെ ഉത്തരഭാഗത്തും മററ ചിലർ കടൽവഴി അതിന്റെ തെക്കെ തീരപ്രദേശത്തും എത്തിച്ചേരുകയും അവിടെ കുടിയേറിപ്പാർക്കുകയും വാണിജ്യകേന്ദ്രങ്ങളെ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്. ഇവർ തെക്കെ ഇന്ത്യയിൽനിന്നു

വന്നവരാവാൻ ധാരാളം ന്യായമുണ്ട്." അദ്ദേഹം പിന്നേയും തുടരുന്നു. "ബുദ്ധൻെറ കാലത്തിനു മുമ്പുതന്നെ (ബുദ്ധൻ ക്രി. മു. 557-ലാണല്ലൊ അവതരിച്ചതു്) ബങ്കാൾ സംസ്ഥാനത്തിലെ കലിംഗന്മാർ കിഴക്കുള്ള 'അന്നാം' എന്ന ഒരു രാജ്യത്തെ ജയിക്കുകയും തങ്ങളുടെ കിഴക്കൻദിക്കിലുള്ള പുത്രികാരാജ്യങ്ങൾക്കു 'ബോങ്ങ് ലോങ്ങ്' എന്ന നാമകരണം ചെയ്കയുമുണ്ടായി. ക്രി മു. 7-ാം ശതകം മുതൽക്കു ക്രി. അ. 258-ാം കൊല്ലംവരെ 'ലാക്ക്ലം' എന്ന വർഗ്ഗക്കാരുടെ സന്താനപരമ്പരകളായ വംശദേശിയർ അന്നാം എന്ന രാജ്യത്തു അധിവസിച്ചിരുന്നു.

"റോമൻ സാമ്രാജ്യവും ഇന്ത്യയും തമ്മിലുള്ള വാണിജ്യം" (Commerce between the Roman Empire and India) എന്ന ഗ്രന്ഥത്തിൻെറ രചയിതാവായ 'വാർമംഗ്ടൺ' എന്ന മഹാൻ ഭാരതീയർ ജിവനുള്ള മൃഗങ്ങളെക്കൂടി കപ്പൽ വഴിക്കും മററും ചൈന, പേർഷ്യൻ ഉൾക്കടൽ പ്രദേശങ്ങൾ, ആഫ്രിക്ക മുതലായ രാജ്യങ്ങളിലേക്കു കയററി അയച്ചിരുന്നു എന്നു അഭിപ്രായപ്പെടുന്നു. 'ഫാഹിൻ' എന്ന ചീനരാജ്യത്തെ തീർത്ഥയാത്രക്കാരൻ ഇന്ത്യയേയും ലങ്കയേയും സന്ദർശിച്ചതു്, ക്രി. അ. 400-ൽ ആണു്. അദ്ദേഹത്തിൻെറ മടക്കത്തിൽ അദ്ദേഹം ഏകദേശം ഇരുന്നൂറാളം യാത്രക്കാരെ കയററിക്കൊണ്ടുപോകാൻമാത്രം വലുപ്പമുള്ള ഒരു കച്ചവടക്കപ്പലിലാണു് യാത്രചെയ്തതു്. ഈ കപ്പൽ അദ്ദേഹത്തെ ചീനരാജ്യത്തിൻെറ തെക്കുഭാഗത്തുകൊണ്ടുപോയി ഇറക്കുകയും ചെയ്തു. ബ്രാഹ്മണമതത്തിൽ നിഷ്ഠയുള്ളവരായ ഒട്ടനേകം ജനങ്ങളുടെ കുടിപാർപ്പു സ്ഥലങ്ങളും വാണിജ്യശാലകളും സുമത്രയിൽ അന്നും ഉണ്ടായിരുന്നു എന്നു അദ്ദേഹം പറയുന്നു.

'കാലകേയവധ വ്യാഖ്യാനം

വിമർശനിരൂപണം.

(തുടർച്ച)

(സത്യാർത്ഥി)

ഇത്രയും പ്രസ്താവിച്ചതിൽനിന്ന്, ശബ്ദശക്തിമൂലമായ അർത്ഥാന്തരപ്രതീതിയുടെ അപേക്ഷകൂടാതെതന്നെ സമർത്ഥ്യസമർത്ഥകങ്ങളായ പൂർവ്വോത്തരവാക്യങ്ങൾ യഥാശ്രുതം അന്വയിച്ചു നിർബ്ബാധമായ വാക്യാർത്ഥബോധം ജനിപ്പിച്ചതിനുശേഷം, വക്തൃവൈശിഷ്ട്യസഹകൃതമായ ധനഞ്ജയശബ്ദസ്വാരസ്യത്താൽ കാവ്യഭാവനാപരിപക്വബുദ്ധികളായ സഹൃദയന്മാർക്കുണ്ടാകുന്ന ആരോപവിശിഷ്ടമായ അർത്ഥാന്തരപ്രതീതിയും തന്മൂലകമായ അർത്ഥാന്തരന്യാസവും വ്യംഗ്യമാണെന്നു സിദ്ധിച്ചുവല്ലോ. ഇങ്ങിനെയിരിക്കെ, താദൃശ്യവ്യംഗ്യം വാച്യമാണെന്നു സമർത്ഥിച്ചുകൊണ്ടു് 'ഇപ്പോൾ പ്രസ്തുതപദ്യത്തിന്റെ ആശയം എത്ര മനോഹരമായിരിക്കുന്നു എന്നു നോക്കുക: ഇതിലാണു കവിസംരംഭം സ്ഥിതിചെയ്യുന്നതു്. കവിവിവക്ഷിതമായ അർത്ഥം ഗ്രഹിച്ച് ആ അർത്ഥത്തെ ഭംഗിയായി പ്രകാശിപ്പിക്കുകയാണല്ലോ ഒരു വ്യാഖ്യാതാവിന്റെ ധർമ്മം; ആ ധർമ്മം പരിപാലിക്കാതിരുന്നാൽ വ്യാഖ്യാതാവു പരിഹാസപാത്രമായിത്തീരുകയേ ഉള്ളൂ'' എന്നും മററും ആക്ഷേപിക്കുന്ന ലേഖകനല്ലേ യഥാർത്ഥത്തിൽ പരിഹാസപാത്രമായിത്തീരുന്നതെന്ന് ഒന്നാലോചിച്ചുനോക്കുക. ലേഖകന്റെ ദൃഷ്ടിയിൽ വാച്യസംരംഭമായിരിക്കാം 'കവികുലചക്രവർത്തിപ'ത്തിന്നു നിദാനം! വല്ല വ്യംഗ്യവുമുണ്ടെങ്കിൽ അതിനെ വാച്യമാക്കി നിർദ്ദേശിച്ച്, 'ഹാ എത്ര മനോഹരം! എത്ര സരസം!' എന്നു സഹസ്തതാളം സമുൽഘോഷിക്കുന്നതായിരിക്കാം വ്യാഖ്യാതാവിന്റെ ധർമ്മം !!

കാട്ടുകേറുകയാലെന്തു കാടൻ കേസരിയാകുമോ?
സർപ്പതാപം സരടത്തിന്നു സർപ്പണംകൊണ്ടുകിട്ടുമോ?

"താത്വികമായ അർത്ഥത്തെ ഉപേക്ഷിച്ചു കാല്പനികമായ അർത്ഥത്തെ സമർത്ഥിക്കുന്ന രീതിയിലുള്ള അർത്ഥാന്തരന്യാസങ്ങൾ മററു കവികളുടെ കൃതികളിലും കാണുന്നുണ്ടു്; ഉദാഹരണത്തിന്നു കുമാരസംഭവത്തിലെ ഹിമാലയവർണ്ണനപ്രസ്താവത്തിലുള്ള 'ദിവാകരാദ്രക്ഷതിയോ ഗുഹാ

സ്സ്' എന്ന ആലോചനാമൃതമായ പദ്യം എടുത്തു നോക്കാം." എന്നിങ്ങിനെ ലേഖകൻ സ്വാഭിപ്രായത്തിന്ന് ഉപോൽബലകമാണെന്നു ഭ്രമിച്ച് ഉപന്യസിച്ചിട്ടുള്ളതും തീരെ അബദ്ധമായിട്ടാണിരിക്കുന്നത്.

താത്വികമായ അർത്ഥംപോലെ കാല്പനികമായ അർത്ഥവും സമർത്ഥനാപേക്ഷമാവാം; എന്നാൽ, താത്വികമോ കാല്പനികമോ ഏതായാലും ശരി, നിശ്ചയരൂപമാണെങ്കിൽ മാത്രമേ അതിന്നു സമർത്ഥനാപേക്ഷയുള്ളു. സംശയരൂപമോ, സംഭാവനാരൂപമോ ആണെങ്കിൽ അതില്ലതന്നെ. അതുകൊണ്ടാണ് കാവ്യപ്രകാശകാരൻ, കാവ്യശാസനകാരൻ സാഹിത്യദർപ്പണകാരൻ മുതലായ ആചാര്യന്മാർ 'ദിവാകരാദ്രക്ഷതി' എന്ന പദ്യത്തിലേ അർത്ഥാന്തരന്യാസം അനുചിതാർത്ഥത്വദോഷദുഷ്ടിതമാണെന്നു ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരിക്കുന്നത്. അർത്ഥാന്തരന്യാസം യുക്തമാണെന്നും സമർത്ഥിക്കുവാൻ പുറപ്പെട്ട കുമാരസംഭവവ്യാഖ്യാതാക്കന്മാരായ പ്രകാശികാകാരനും വിവരണകാരനും ഉൽപ്രേക്ഷിതമായ അംശത്തെ സമർത്ഥിക്കുന്നതു യുക്തമാണെന്നു പറഞ്ഞിട്ടുമില്ല. അങ്ങിനെ പറവാൻ ന്യായവുമില്ല. അവർ പറഞ്ഞിട്ടുള്ളത് ഭയാംശം മാത്രമേ സംഭാവിതമായിട്ടുള്ളു; അതിലാണ് ഉൽപ്രേക്ഷ. പരിത്രാണം വാസ്തവികം തന്നെയാണ്; അതിനെയാണ് സമർത്ഥിക്കുന്നത്. അതുകൊണ്ടു സമർത്ഥനം അയുക്തമല്ല എന്നാകുന്നു. 'പരിത്രാണം വക്തും പ്രകൃതം, തത്രഹേതുത്വേന കേവലം ഭീതിരസംഭവിനീസംഭാവ്യതേ. പരിത്രാണഞ്ചനാസംഭവി. തദ്ധിനാമബാധകനിവാരണം; ബാധകശ്ചാത്രാർക്കാലോകഃ സചവ്യവധീയതേസ്യ പാതാളകുക്ഷികല്പാഭിർഗുഹാഭിരിതി' എന്ന പ്രകാശികയും, 'കേവലം ഭയമേവാത്രാരോപിതം; അത ഏവതസ്യോൽപ്രേക്ഷാരൂപത്വമിതിയുക്ത ഏവ പരിത്രാണസമർത്ഥനാർത്ഥമർത്ഥാന്തരന്യാസ ഇത്യചലമനേന' എന്ന വിവരണവും നോക്കുക. ഉൽപ്രേക്ഷിതമായ അർത്ഥത്തിന്നു സമർത്ഥകമായ അർത്ഥാന്തരന്യാസം അനുപപന്നമല്ല എന്നു തെററിദ്ധരിച്ച് "മററചിലരാകട്ടെ ലിനമെന്നതുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ശരണാഗമനമാണ് ഇവിടെ സംരക്ഷണത്തിന്നു പ്രയോജകമായി നിൽക്കുന്നത്" എന്നും മററും എഴുതിവിട്ട 'വിദ്യാർത്ഥി'ലേഖകൻ അഭിനന്ദനത്തിന്നോ അനുകമ്പയ്ക്കോ ഏതിന്നാണ് അർഹനായിരിക്കുന്നതെന്നു മാന്യവായനക്കാർ തന്നേ തീർച്ചയാക്കട്ടെ.

'അഥോപഗൂഢേ ശരദാ ശശാങ്കേ
പ്രാവൃഡ്യയൗ ഛന്ന തടിൽകടാക്ഷാ
കാസാംനസൌഭാഗ്യഗുണോംഗനാനാം
നഷ്ടഃപരിഭ്രഷ്ടപയോധരാണാം'

എന്ന പദ്യത്തിൽ അർത്ഥാന്തരന്യാസത്തിന്നു സമാസോക്തി (അഥവാ ഏകദേശവിവർത്തിരൂപകം) എന്നതുപോലെ, ഇവിടെയും ധനഞ്ജയനിലുള്ള ധനഞ്ജയാഭേദാരോപം ഉത്ഥാപകമായിക്കൂടേ എന്നു് ആശങ്കിച്ചു സമാധാനം ചെയ്യുന്ന വ്യാഖ്യാനസന്ദർഭത്തിൽനിന്നു്, 'കാല്പനികമായ അർത്ഥത്തെ സമർത്ഥിക്കുന്ന രീതിയിലുള്ള അർത്ഥാന്തരന്യാസമുണ്ടു്' എന്നെങ്കിലും മനസ്സിലാക്കിയ 'വിദ്യാർത്ഥി' തനിക്കു ബുദ്ധിയുണ്ടെന്നു് അഭിമാനിക്കുന്നുണ്ടായിരിക്കാം; എന്നാൽ അഹങ്കാരദൂഷിതമായ ആ ബുദ്ധി തത്വഗ്രഹണാശക്തമായി വഴി പിഴച്ചുപോയി എന്നേയുള്ളൂ.

കാല്പനികമോ, വാസ്തവികമോ ഏതായാലും ശരി, നിശ്ചയവിഷയമല്ലാതെ സംഭാവനാവിഷയമോ സന്ദേഹവിഷയമോ ആയ അർത്ഥത്തിന്നു സമർത്ഥനാപേക്ഷയില്ല എന്നുള്ള തത്വം 'വിദ്യാർത്ഥി' ഗ്രഹിച്ചിരുന്നു എങ്കിൽ സ്വയം ഉത്ഭാവനംചെയ്തു അനാവശ്യകമായ ആശങ്കയ്ക്കുള്ള സമാധാനത്തിന്നു് 'അധോപശ്രുദധ്ദേ' ഇത്യാദി പദ്യമുദ്ധരിച്ചാൽ ലേഖകന്റെ "ഉപജീവ്യവിരോധിത്വ"സ്വഭാവം വ്യക്തമാകുമെന്നു ശങ്കിച്ചിട്ടാണ് അപ്രകാരം ചെയ്യാതിരുന്നതെങ്കിൽ അതു വേണ്ട,

'നിർല്ലക്ഷ്മീകാഭവൽപ്രാചീ പ്രതീചീം യാതി ഭാസ്കരേ
പ്രിയേ വിപക്ഷരമണീരക്തേ കാ മുദമഞ്ചതി'

എന്നിത്യാദി തത്തുല്യപദ്യം വല്ലതും ഉദാഹരിക്കാമായിരുന്നുവല്ലോ.

അനുപപത്തിസ്ഫുരണത്തിന്നു വിഷയമായ അതിനെ സമർത്ഥിക്കുന്നതിനുവേണ്ടിയുള്ള അർത്ഥാന്തരോപാദാനം നിരർത്ഥമായതുകൊണ്ടു് ഇവിടെ നിർവ്വിഷയത്വമെന്ന അലങ്കാരദോഷമുണ്ടു് എന്നിങ്ങിനെ പൂർവ്വപക്ഷരൂപത്തിൽ ഉപന്യസിച്ചിരിക്കുന്നതും അശാസ്ത്രീയമായിട്ടുള്ളതാണ്. അനുപപത്തിക്കു് സ്ഫുരണമുണ്ടെങ്കിൽ താദൃശാർത്ഥം സമർത്ഥനാപേക്ഷമാകയാൽ അർത്ഥാന്തരന്യാസം നിരർത്ഥമാകുന്നതെങ്ങിനെ? ഏതലങ്കാരഗ്രന്ഥത്തിലാണ് നിർവ്വിഷയത്വമെന്നൊരു അലങ്കാരദോഷം പ്രതിപാദിക്കപ്പെട്ടിട്ടുള്ളതെന്നു വിദ്യാർത്ഥിലേഖകൻ ഒന്നു പറഞ്ഞുതരുമോ? 'ദിവാകരാദ്രക്ഷതി' എന്ന ശ്ലോകത്തിൽ അർത്ഥാന്തരന്യാസം നിർവ്വിഷയമാകയാൽ അനുചിതാർത്ഥത്വദോഷത്തിന്നു വിഷയമാണെന്നല്ലേ കാവ്യപ്രകാശകാരാദികൾ പറയുന്നതു്? അനുചിതാർത്ഥത്വം ആണ് കാവ്യദോഷം; അതിവിടെ നിർവ്വിഷയത്വമൂലമാണെന്നേയുള്ളൂ.

ഇനി 'പരേണപുംസാ' എന്ന ശ്ലോകത്തിന്റെ വ്യാഖ്യാനത്തേക്കുറിച്ചുള്ള ആക്ഷേപങ്ങളെന്തെല്ലാമെന്നു നോക്കാം; ഒന്നാമതായി, "ഒരേ സമയത്തു തന്നേ ഉർവ്വശിയെ കുലടയായും മായയായും അറിയുന്ന അർജ്ജുനന്റെ വിജ്ഞാനപാടവമോ, അഥവാ അപ്രകാരം അറിഞ്ഞതായി

അത്ഥവണ്ണനം ചെയ്യുന്ന മിസ്റ്റർ കൃഷ്ണൻ നായരുടെ വ്യാഖ്യാനവൈഭവമോ ഏതാണ് വിചിത്രതര”മെന്നറിയാതെ ‘വിദ്യാത്ഥി’ ലേഖകൻ വല്ലാതെ കുഴങ്ങുന്നു! ഒരേ സമയത്തുതന്നെ ഉവ്വശിയെ ദുർവൃത്തയായും മായയായും അർജ്ജുനൻ വിചാരിക്കുന്നതിൽ എന്ത് അനുപപത്തിയാണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല.

ഭൂതങ്ങളാൽ സപദിനന്ദിയൊടിഡ്യമാനൻ
ഭൂതിപ്രകഷ്മതിനാലതിശോഭിതാംഗൻ
ശ്രീവഞ്ചിമൂലകനൃപൻ ശ്രിത ലോകപാലൻ
സവ്വജ്ഞനായി വിലസുന്നിതുരാജമൌലി.

(ഭാഷാഭൂഷണം)

തഥാവിധശ്രീ ഭരതാനുഷക്ത-
പ്രഥാഹരാമാലയരമ്യയായി
കഥാതിഗപ്രാഭവഗോത്രപംക്തി-
രഥാധ്യയാം പൂരതയോദ്ധ്യയാക്കും.

(ചിത്രയോഗം)

എന്നിങ്ങിനെയുള്ള പ്രകൃതാപ്രകൃതശ്ലേഷസ്ഥലങ്ങളിലൊക്കയും പ്രകൃതവിശേഷത്തിൽ ശ്ലേഷബോധിതമാകുന്ന അപ്രകൃതവിശേഷ്യരൂപമായ അത്ഥദ്വയത്തിൻെറയും അഭേദഗ്രഹം ലേഖകൻെറ ‘ഒരേ സമയത്തുതന്നെ’യാണ് സചേതസ്സുകൾക്കുണ്ടാകുന്നതു്. ശ്രീവഞ്ചിമൂലകനൃപനെ ശിവനായും എല്ലാം അറിയുന്നവനായും, അതുപോലെ നിഷധപുരിയെ അയോദ്ധ്യയായും ആക്രമണാശക്യയായും ഒരേസമയത്തു സഹൃദയന്മാർ ഗ്രഹിക്കുന്നതുകൊണ്ടു സാഹിത്യലോകത്തിൽ യാതൊരു ‘ഉപപ്ലവ’വും ഇതുവരെ ഉണ്ടായിട്ടുള്ളതായി അറിവില്ല.

വിഭ്രമശബ്ദത്തിനു് ‘വല്ലഭപ്രാപ്തിവേളായാ’മെന്ന പ്രമാണമനുസരിച്ച് ഭൂഷാസ്ഥാനവിപര്യയം എന്നത്ഥം പറഞ്ഞതിനെപ്പററിയാണു ലേഖകൻ പിന്നീടാക്ഷേപിക്കുന്നതു്. ‘രുചിരാലങ്കാരശാലിനിയായി അർജ്ജുനസമീപത്തിൽ എത്തിച്ചേന്ന ഉവ്വശി അപ്പോൾത്തന്നെ സ്ഥാനം തെററി അണിഞ്ഞിട്ടുണ്ടായിരുന്നുവെങ്കിൽ അതുകൊണ്ടു ശോഭിക്കാൻ സംഗതിയില്ല” എന്നു തീച്ചയാക്കിയ ലേഖകൻെറ സഹൃദയത്വമോ ശാസ്ത്രജ്ഞാനമോ ഏതാണു് വിചിത്രതരമെന്നു നിണ്ണയിപ്പാൻ പ്രയാസമാണു്.

‘യൌവനേ സത്വജാസ്താസാ- മഷ്ടാവിംശതിസംഖ്യകാഃ
അലങ്കാരാസ്തത്രഭാവ- ഹാവഹേലാസ്ത്രയോംഗജാഃ’

എന്നിങ്ങിനെ, സ്ത്രീകൾക്കു യൌവനത്തിൽ ശൃംഗാരവ്യഞ്ജകസത്വഗുണോൽപന്നങ്ങളായ 28 അലങ്കാരങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ള ആലങ്കാരികവചനം നമ്മുടെ 'വിദ്യാർത്ഥി'ലേഖകൻ കണ്ടിട്ടില്ലായിരിക്കുമോ? ഈ 'അലങ്കാരങ്ങളിൽ ചിലതു നായകന്മാരിലും സംഭവിക്കുമെങ്കിലും നായികമാരിലാണ് വിച്ഛിത്തിവിശേഷപോഷകങ്ങളായിബ്ഭവിക്കുന്നതെന്നും ആലങ്കാരികന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. വിലാസവിഭ്രമാദികൾ ശൃംഗാരചേഷ്ടാപ്രകാരങ്ങളാകയാൽ വനിതകൾക്കു സ്വായമേ ശോഭാജനകങ്ങളായ അലങ്കാരവിശേഷങ്ങളാണെന്നുള്ള ആലങ്കാരികോക്തിയെപ്പററി കേട്ടുകേൾവിയെങ്കിലും ലേഖകന്നുണ്ടായിരുന്നുവെങ്കിൽ ഭൂഷാസ്ഥാനവിപര്യയരൂപമായ വിഭ്രമംകൊണ്ടു് ഉർവ്വശിശോഭിക്കുവാനിടയില്ല, എന്നു നിശ്ശങ്കം തട്ടിമൂളിച്ചുവിടുമായിരുന്നു എന്നു തോന്നുന്നില്ല. ശൃംഗാരാഭിവ്യഞ്ജകമായ വിഭ്രമം എന്ന 'അലങ്കാരം' ശോഭാജനകമാകയില്ല എന്നു നിശ്ചയിച്ച ലേഖകന്റെ ശ്രോത്രിയബുദ്ധിയുടെ നേരെ യഥാർത്ഥത്തിൽ എനിക്കു അനുകമ്പയാണുതോന്നുന്നതു്.

'രഭസേന ഹാരപദദത്തകാഞ്ചയഃ
പ്രതിമൂർദ്ധജം നിഹിതകർണ്ണപൂരകാഃ
പരിവർത്തിതാംബരയുഗാസ്സമാപതൻ
വലയീകൃതശ്രവണപൂരകാഃസ്ത്രിയഃ'

(മാഘം)

എന്നിങ്ങിനെ മഹാകാവ്യങ്ങളിലും,

'കാലിൽ വളകരേനല്ല തളകളും
താലിയരയിലും മാലകഴുത്തിലും
കുണ്ഡലം മൂർദ്ധനി കണ്ണുത്തിൽ മാലകൾ
കണ്ണതിൽ കുങ്കുമമഞ്ജനം കൊങ്കയിൽ
അംഗങ്ങളിൽ മാറിയോരോന്നണിഞ്ഞിട്ടു
മംഗലഗീതമായ് വന്നു കാഴ്ചിൽ കാഴ്ചിൽ'

(ഭാഗവതം)

എന്നിങ്ങിനെ പുരാണങ്ങളിലും വർണ്ണിച്ചിട്ടുള്ളതു പ്രകാരം സ്ഥാനം തെററി ഭൂഷണങ്ങളണിഞ്ഞവരായ അംഗനമാർ അതുകൊണ്ടു നഷ്ടശോഭകളായിത്തീർന്നിട്ടുണ്ടെന്നാണോ വിദ്യാർത്ഥി വിചാരിക്കുന്നതു്? അങ്ങിനെയാണെങ്കിൽ അദ്ദേഹം,

'സമയേ ത്വരാവതീനാം അപദേഷ്വപി ഭൂഷണാഭിവിന്യാസഃ
ഭവതി ഗുണായ വിഭാവിതതാല്പര്യസ്സ്മേരിതാലിരപി'

എന്ന രുദ്രട വാക്യത്തിന്റെ അർത്ഥം യഥാർത്ഥ വിദ്വാന്മാരോടു ആരോ

ടെങ്കിലും ചോദിച്ചു മനസ്സിലാക്കി, ആ അബദ്ധവിചാരം നീക്കുവാൻ ശ്രമിക്കുന്നതു് അത്യാവശ്യമാണ്. അരങ്ങത്തുവരുന്ന ഉർവ്വശിവേഷധാരിയായ നടനിൽ ഭൂഷാസ്ഥാനവിപര്യയം കാണാത്തതിനാൽ അർജ്ജുനസവിധപ്രാപ്തി സമയത്തോ അതിനു ശേഷമോ ഉർവ്വശി സ്ഥാനം മാററി ഭൂഷണം ധരിക്കുകയുണ്ടായിട്ടില്ല എന്നാണ് വിഭ്രമശബ്ദവ്യാഖ്യാനത്തെ തിരസ്കരിക്കുവാൻ 'വിദ്യാത്ഥി' കൊണ്ടുവന്നിട്ടുള്ള മറെറാരു യുക്തി. കഥകളിഗ്രന്ഥങ്ങൾ മനസ്സിരുത്തി വായിക്കുകയും കഥകളി ധാരാളം കാണുകയും ചെയ്യുകരാളായിരുന്നു വിമർശകവേഷധാരിയായ നമ്മുടെ 'വിദ്യാത്ഥി' എന്നുണ്ടെങ്കിൽ ഇമ്മാതിരിയുള്ള ഒരു യുക്തിവാദം കൊണ്ടുവന്നു 'കൃതാത്ഥോസ്മ്യഹം' നടിച്ചു സംതൃപ്തിമടയുമായിരുന്നുവോ എന്നു സംശയമാണ്, കാലകേയവധത്തിൽ അന്നേയുള്ള,

'തദീയം ദിയോഗം കിരീടഞ്ച മൂർദ്ധ്നാ
മഹന്നാഹവായ പ്രതസ്ഥേ സസൂതഃ'

എന്ന പദ്യത്തിൽ പറഞ്ഞിട്ടുള്ളതനുസരിച്ച അർജ്ജുനൻ ഇന്ദ്രദത്തമായ കിരീടം ധരിച്ചതായോ ധരിക്കുന്നതായോ അരങ്ങത്തു വെച്ചു നടക്കുന്നതു 'വിദ്യാത്ഥി' കണ്ടിട്ടുണ്ടോ? ഇനിയും,

'പാശ്ചത്തിനമതിവജയന്തം
നേഷ്യമാശു കലയൻ വിജയന്തം'

എന്ന ശ്ലോകപ്രകാരം അരങ്ങത്തു ഇന്ദ്രപാശ്ചവത്തിയായ ജയന്തനെ കാണുകയുണ്ടായിട്ടുണ്ടോ? കിമ്മീരവധത്തിൽ,

'മുദ്രാഹീനകുമുദപതികളുകളെക്ഷോണീമഥക്ഷോഭയൻ'

എന്നു പറഞ്ഞിരിക്കുന്നതുപ്രകാരം ശ്രീകൃഷ്ണൻ സേനയോടുകൂടിത്തന്നെയാണോ അരങ്ങത്തു പ്രവേശിച്ചു കണ്ടിട്ടുള്ളതു്? "ഭൂഭാരം തീർപ്പതിന്നായി" എന്നിത്യാദി 'പുറപ്പാടി'ലെ 'പദ'മനുസരിച്ച ബലഭദ്രൻ രംഗത്തിൽ പ്രവേശിക്കാറുണ്ടോ? 'മാഗ്ഗേതത്രനഖംപചോക്ഷ്മള' എന്ന ശ്ലോകത്തിൽ വണ്ണിച്ചിട്ടുള്ള പ്രകാരം 'വാത്യോദ്ധൂളിതധൂളിജാലമസൃണച്ഛായ'യായിട്ടാണോ രംഗത്തിൽ പാഞ്ചാലിയെ കണ്ടിട്ടുള്ളതു്? ശ്ലോകത്തിൽ പറഞ്ഞിട്ടുള്ളതെല്ലാം അരങ്ങത്തു കാണിക്കുമെന്നോ, കാണിക്കണമെന്നോ, 'വിദ്യാത്ഥി'കൾ വിചാരിക്കുന്നുണ്ടോ? അതല്ലെങ്കിൽ അരങ്ങത്തു കാണാത്തതൊന്നും ശ്ലോകാത്ഥത്തിൽ പെട്ടുകൂടാ എന്നു വിചാരിക്കുന്നുണ്ടായിരിക്കാം! ഏതായാലും, വിദ്യാത്ഥി പറഞ്ഞ ആക്ഷേപങ്ങൾക്കും 'പരേണപുംസാ' എന്ന പദ്യത്തിൽ മിസ്റ്റർ കൃഷ്ണൻനായർ പറഞ്ഞ പ്രകൃതാപ്രകൃതശ്ലേഷത്തിനും തമ്മിൽ ബാധ്യബാധകഭാവമെന്നു വേണ്ട, വിശേ

ഷിച്ച സംബന്ധംതന്നെ ഇല്ലായ്കയാൽ ഇതിലധികമൊന്നും ഇവിടെ പറയുന്നില്ല.

അലങ്കാരപര്യാലോചനയ്ക്കു പുറപ്പെട്ട ലേഖകൻ "പ്രസ്തുത വൃത്താന്തത്തിന്റെ പ്രതീതി മൂന്നു വിധത്തിൽ സംഭവിക്കുന്നതായിക്കണ്ടു വരുന്നു" എന്നിങ്ങിനെ നിർമ്മിച്ചിട്ടുള്ള ഭൂമിക തന്നെ അബദ്ധമായിട്ടാണിരിക്കുന്നതു്. വൃത്താന്തമെന്നതു പദമോ വാക്യമോ അല്ല, വാക്യാർത്ഥമാണു്. അഭിധാമൂല വ്യംഗ്യസ്ഥലത്തോ സമാസോക്തി സ്ഥലത്തോ അപ്രസ്തുവൃത്താന്ത പ്രത്യായകത്വം സാക്ഷാൽ ശബ്ദത്തിനല്ലാതെ അർത്ഥത്തിന്നില്ല. പിന്നെങ്ങിനെയാണു് പ്രസ്തു വൃത്താന്ത പ്രതീതി വരുന്നതെന്നു പറയുക? താദൃശസ്ഥലത്തു അർത്ഥശക്തി മൂലധ്വനിയെന്നപോലെ അർത്ഥത്തിന്നാണു് പ്രത്യായകത്വമെങ്കിൽ അഭിധാശക്തിമൂലത്വകഥനവും, സമാസോക്തിയിൽ ശ്ലിഷ്ടവിശേഷത്വകഥനവും വ്യാഹതമാകുന്നതാണല്ലോ. സമാസോക്തിയിൽ ഉഭയസാധാരണവിശേഷണശബ്ദ മാഹാത്മ്യത്താൽ പ്രതീതമായ അപ്രസ്തുതവൃത്താന്തം സ്വാനുഗുണം നായകാദി ധർമ്മിയെ മാത്രമാക്ഷേപിച്ചു പരിപൂർണ്ണമാകുന്നുണ്ടെന്നു പക്ഷേ പറയാം. അതുകൊണ്ടു് പ്രസ്തുത വൃത്താന്തം അപ്രസ്തുതവൃത്താന്തത്തിനു പ്രത്യായകമാണെന്നു വരികയില്ലല്ലോ. ശ്ലേഷസ്ഥലത്താകട്ടെ അഭിധയ്ക്കു നിയമനമില്ലായ്കയാൽ ദ്വിവിധമായ അർത്ഥവും ശബ്ദബോദ്ധ്യമായ വാച്യം തന്നെയാണു്. ഈ സ്ഥിതിക്കു പ്രസ്തുത വൃത്താന്തത്തിൽ നിന്നാണു് അപ്രസ്തുത വൃത്താന്തപ്രതീതി എന്നു പറയുന്നതു തിരെ അബദ്ധമാണെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ.

'വിശേഷണത്തിന്റേയും വിശേഷ്യത്തിന്റേയും സാദൃശ്യം കൊണ്ടു് അപ്രസ്തുത വൃത്താന്തത്തിന്റെ പ്രതീതി' എന്നാദിയായ ലേഖകന്റെ അനന്തരവാക്യവും ശാസ്ത്രക്ഷുണ്ണമായ സരണിക്കു് യോജിക്കാതെയാണു് കാണുന്നതു്. വിസ്തരഭയത്താൽ തൽക്കാലം പ്രപഞ്ചനത്തിന്നു പുറപ്പെടുന്നില്ല.

അതിരിക്കട്ടെ; 'ഏകദേശത്തിലുള്ള ശ്ലേഷംകൊണ്ടു പ്രതീതമായ അർത്ഥാന്തരത്തെ ഉപമാദികളെക്കൊണ്ടു വാച്യമാക്കിത്തീർക്കുക' എന്നു 'വിദ്യാർത്ഥി' നിർദ്ദേശിച്ച തൃതീയപ്രകാരമായ പ്രകൃതാപ്രകൃതശ്ലേഷത്തിന്നു 'പരേണപുംസാ' എന്ന പദ്യം എന്തുകൊണ്ടു വിഷയമായിക്കൂട? 'താം അസതീം ജ്ഞാത്വാ വിരക്തധീരഭൂൽ' എന്നതിലെ 'അസതീം' ഇത്യാദിയിലല്ലാതെ 'താം', 'സഃ' എന്നിവയിൽ ശ്ലേഷമില്ലല്ലോ. ഉർവ്വശിയിൽ മായാഭേദാരോപം അപ്രസ്തുതാർത്ഥത്തെ വാച്യമാക്കിത്തീർക്കുന്നതുമുണ്ടു്. ഇങ്ങിനെയിരിക്കേ പ്രസ്തുതപദ്യം പ്രകൃതാപ്രകൃതശ്ലേഷത്തിനു

വിഷയമല്ല എന്നു 'വിദ്യാൎത്ഥി'യെന്നല്ല വിദ്യാപാരംഗതനായ ശാസ്ത്രിവൎയ്യൻതന്നെ പറഞ്ഞാലും അതെങ്ങിനെ സാധുവായിത്തീരും ?

അപ്രസ്തുത കൎത്തൃവിശേഷ്യം ശ്ലിഷ്ടമായാലേ പ്രകൃതാപ്രകൃതശ്ലേഷമാവൂ എന്നാണു രസഗംഗാധരകാരമതമെന്ന് ഉപന്യസിച്ചിരിക്കുന്നതും ഭ്രമമൂലകമാണ്. രസഗംഗാധരകാരനെന്നല്ല ആലങ്കാരികന്മാരാരുംതന്നേ അങ്ങിനെ അഭിപ്രായപ്പെട്ടിട്ടില്ല. ഭാഷാഭൂഷണത്തിൽ, "പ്രകൃതാപ്രകൃതശ്ലേഷത്തിൽ അപ്രകൃതവിശേഷ്യം മാത്രം ശ്ലിഷ്ടം; സമാസോക്തിയിൽ വിശേഷ്യത്തിനു ശ്ലേഷമേയില്ല എന്നു രസഗംഗാധരകാരൻ സമാധാനം ചെയ്യുന്നു" എന്നു പറഞ്ഞിട്ടുണ്ടല്ലോ എന്നാണെങ്കിൽ ശരി; അതു കണ്ടിട്ടാണു ലേഖകൻ ഭ്രമിച്ചുപോയതെന്നു തീൎച്ചയായി. പരിനിഷ്ഠിതമായ ശാസ്ത്രപാണ്ഡിത്യമല്ലാതെ * ശാസ്ത്രിബിരുദം വഹിച്ചുകൊണ്ടു നടക്കുന്ന നാമമാത്രപണ്ഡിതന്മാൎക്കു പ്രൌഢങ്ങളായ ഭാഷാഭൂഷണപംക്തികളുടെ താല്പൎയ്യം ശരിക്കു മനസ്സിലാക്കുവാൻ സാധിക്കുകയില്ല എന്നുള്ളതിലേയ്ക്കു് ഇതുതന്നെയാണ് ഒരു തെളിവു്. 'അപ്രസ്തുത വിശേഷ്യം സൎവ്വദാ ശ്ലിഷ്ടമായിരിക്കണമെന്നൎത്ഥമില്ല. അതു ശ്ലിഷ്ടമായോ അശ്ലിഷ്ടമായോ വരാം. എന്നാൽ പ്രസ്തുതവിശേഷ്യം മാത്രം ശ്ലിഷ്ടമാവരുതു്. മാത്രശബ്ദംകൊണ്ടു വ്യാവൎത്തിപ്പിച്ചിട്ടുള്ളതു പ്രസ്തുത വിശേഷ്യത്തിലെ ശ്ലേഷത്തെയാണ്. അപ്രസ്തുത വിശേഷ്യത്തിൽ കാമചാരമെന്നു താല്പൎയ്യം. അതുകൊണ്ടാണ്

'ഹരകരസംഗാദധികം രജനിയഃ പ്രത്യുലരാഗസംവലിതാ
കമലായാഃ കമലസ്യ ച ശോഭാ ഗളിതാ തവാനനസ്യാഗ്രേ'

എന്നിത്യാദി തദീയോദാഹരണം സംഗതമാകുന്നതു്. ഇത്രയും പ്രസ്താവിച്ചതിൽനിന്നു്, 'പരേണപുംസാ' എന്ന പദ്യത്തിൽ മിസ്റ്റർ കൃഷ്ണൻനായർ കാണിച്ച പ്രകൃതാ പ്രകൃതിശ്ലേഷം നിൎബ്ബാധമാണെന്നും, 'വിദ്യാൎത്ഥി'യുടെ ആക്ഷേപങ്ങൾ അതിനു തിരെ ബാധകങ്ങളല്ലെന്നും സ്പഷ്ടമാകുന്നുണ്ടല്ലോ.

ഇനി പ്രസ്തുത പദ്യത്തിൽ 'വിദ്യാൎത്ഥി'യുടെ സമാസോക്തിക്കു പ്രവേശമുണ്ടോ എന്നു നോക്കാം. വിദ്യാൎത്ഥി വ്യാഖ്യാനിച്ചപ്രകാരം 'താം അസതിംജ്ഞാതപാ' എന്നതുകൊണ്ടു് 'മായയെ മിത്ഥ്യയായറിഞ്ഞു' എന്ന അപ്രസ്തുതാൎത്ഥത്തിനു പ്രതീതി ഉണ്ടാകുന്നുണ്ടെന്നു സഹൃദയന്മാൎക്കു ബോദ്ധ്യപ്പെടുമോ എന്നു സംശയമാണ്. 'താം' എന്ന ശബ്ദം ശ്ലിഷ്ടമോ മായാസാധാരണമോ ആണെന്നു പറയാമോ? അങ്ങിനെയാ

* 'വിദ്യാൎത്ഥി' ശാസ്ത്രിബിരുദം വഹിക്കുന്ന ഒരാളല്ല എന്നാണു ഞങ്ങളുടെ അറിവു്. (ജി. എസ്. കെ.)

ണെന്നു ശങ്കിക്കുന്നതായാൽ 'സഃ' എന്ന ശബ്ദവും താദൃശമാകയാൽ സമാസോക്തിയുടെ കാൎയ്യം 'ഊഢ'മാകും. "നിശാമുഖം ചുംബതി ചന്ദ്രഏഷഃ" ഇത്യാദി സ്ഥലത്തു നായകാനായികപ്രതീതി സാധാരണവിശേഷണ സാമൎത്ഥ്യാനുഗൃഹീതമായ സ്ത്രീലിംഗപുല്ലിംഗങ്ങളെ ആശ്രയിച്ചാണുണ്ടാകുന്നതു്. പരസ്പരസംബദ്ധരായ സ്ത്രീപുരുഷന്മാർ നായികാനായകശബ്ദവാച്യരാണല്ലോ. അതിലും കവിഞ്ഞു പരകീയാത്വം രാജത്വം മുതലായവ തോന്നേണമെങ്കിൽ പ്രത്യേകിച്ചു ഗമകമുണ്ടായിരിക്കുകയും വേണം. "അയമൈന്ദ്രീമുഖം പശ്യ രക്തശ്ചുംബതി ചന്ദ്രമാഃ" എന്നിത്യാദിയിൽ പരകീയനായികാപ്രതീതിക്കു് ഇന്ദ്രസംബന്ധ്യൎത്ഥകമായ ഐന്ദ്രീശബ്ദം ഗമകമാകുന്നു. അതിനാൽ ആക്ഷിപ്തമാണു് നായകനിൽ ജാരത്വം. അല്ലാതെ സാധാരണ വിശേഷണസാമൎത്ഥ്യം കൊണ്ടുമാത്രം അപ്രസ്തുതധൎമ്മിവിശേഷപ്രതീതിവരുമെന്നു പറഞ്ഞുകൂടാ. അങ്ങിനെ പറയുന്നപക്ഷം "അഹൎമ്മുഖം ചുംബതി ഭാനുബിംബം" എന്നത്യാദി സ്ഥലത്തും ചുംബനവിശേഷണമാഹാത്മ്യത്താൽ നായികാനായകപ്രതീതി ഉണ്ടെന്നു പറയേണ്ടതായിട്ടുവരും. അതു് അനുഭവവിരുദ്ധവുമാണു്. ആകയാൽ താം എന്ന ശബ്ദത്തിൽനിന്നു വിശേഷണമാഹാത്മ്യത്താൽമാത്രം മായാപ്രതീതി സ്വരസതഃ സ്ഫുരിക്കുമെന്നു എങ്ങിനെയാണു് പറയുക?

'നത്യം പ്രകൃതിഷു പരമായ്
പ്രത്യയമന്വ് ഭൂപനുണ്ടുചേൎക്കുന്നു.'

ഇത്യാദിയിൽ 'പ്രകൃതിഷു' എന്നതിനുപകരം 'താസു' എന്നോ മറ്റോ പ്രയോഗിച്ചാലും പ്രത്യയാദികളായ ഉഭയസാധാരണവിശേഷണങ്ങളുടെ സാമൎത്ഥ്യത്താൽ വ്യാകരണവൃത്താന്തപ്രതീതി ഉണ്ടെന്നു പറയാമോ? പറഞ്ഞാൽ സഹൃദയന്മാർ സമ്മതിക്കുമോ?

അതു പോകട്ടെ? 'തുഷ്യതുദുൎജ്ജന ന്യായേന' 'താം' എന്നതിൽനിന്നു മായാപ്രതീതി വരുന്നുണ്ടെന്നു സമ്മതിക്കുന്നതായാലും വേറെ ചില കുഴപ്പങ്ങൾക്കിടയുണ്ടു്. വാസ്തവത്തിൽ ഇല്ലാത്തതിനെയാണല്ലോ സാധാരണ മിത്ഥ്യ എന്നു പറയുന്നതു്. മായ ലോകത്തിലോ ശാസ്ത്രത്തിലോ വാസ്തവത്തിൽ ഇല്ലാത്തതാണോ? അതു ഭാവിപദാൎത്ഥമല്ലേ? ലൗകികമായി ഇന്ദ്രജാലാദമായി മണമന്ത്രൌഷധിരൂപമാണു്. അതു ഉള്ളതുതന്നെയല്ലേ? ശുക്തിയിൽ രജതംപോലെ വെറും തോന്നൽ മാത്രമാകയാൽ തൽകാൎയ്യമാണല്ലാത്തതു്; മായയില്ല; ശാസ്ത്രത്തിലാണെങ്കിൽ, ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം എന്നിങ്ങിനെ ശാസ്ത്രീയമതം ബഹുപ്രകാരമാകയാൽ അതിൽ എതു

മതത്തെയാണ് അവലംബിച്ചിരിക്കുന്നതെന്നു മുമ്പിലറിയണം. 'മഹാവിഷ്ണുവിനോട് സംബന്ധപ്പെട്ടു നില്ക്കുന്നതു്' എന്ന വ്യാഖ്യാനത്തിന്റെ സ്വാരസ്യമനുസരിച്ചു ദ്വൈതമോ വിശിഷ്ടാദ്വൈതമോ ആണെന്നു വരികിൽ ആ പക്ഷത്തിൽ മായ മിഥ്യയല്ലായ്കയാൽ താദൃശാൎത്ഥവിവരണം അസംബന്ധമാവും. ഇനി, അദ്വൈതസിദ്ധാന്തമനുസരിച്ചുതന്നെയാണ് വ്യാഖ്യാനിച്ചിരിക്കുന്നതെന്നു പറയുകയാണെങ്കിൽ അപ്പോഴും താദൃശോപക്രമം അകിഞ്ചിൽക്കരമാണെന്നേ വരുന്നുള്ളു. അദ്വൈതസിദ്ധാന്തപ്രകാരം മായ വാസ്തവത്തിൽ ഇല്ലാത്ത വസ്തുവല്ല. ഭാവപദാൎത്ഥമായിട്ടുതന്നെയാണ് അതിനെ അദ്വൈതികൾ അംഗീകരിച്ചിട്ടുള്ളതു്. അതുകൊണ്ടു തത്സിദ്ധാന്തപ്രകാരം മിഥ്യാശബ്ദാൎത്ഥം സദസദ്വിലക്ഷണമാണെന്നോ മറ്റോ വിശ്ലേഷിച്ചു വിവരിച്ചു കാണിക്കുകതന്നെ വേണം. അങ്ങിനെയല്ലാതെ മായ മിഥ്യയാണെന്നു മാത്രം പറഞ്ഞൊഴിയുന്നതു് ചില നാട്ടെഴുത്തച്ഛന്മാർ, അദ്ധ്യാത്മരാമായണത്തിലെ പ്രൌഢഭാഗങ്ങൾക്കു 'എല്ലാം ഭഗവാന്റെ മായ' എന്നു അൎത്ഥം പറയാറുള്ളതിനോടു തുല്യമായിട്ടു ഭവിക്കുകയുള്ളു. ഇനി സദസദ്വിലക്ഷണമെന്നോ മറ്റോ യഥോചിതം മിഥ്യാത്വം വിവരിച്ചു കാണിച്ചുവെന്നാൽത്തന്നെയും കുഴപ്പം നീങ്ങുന്നതല്ല. മായ, സദസദ്വിലക്ഷണയാണെന്ന ജ്ഞാനം മായാവിഷയവിരക്തിക്കു കാരണമാണെന്നു പറയാമോ? മായ സത്തോ, അസത്തോ, സദസദ്ഭിന്നമോ ആയിക്കൊള്ളട്ടെ. അതിൽ പണ്ഡിതനു വിരക്തി വന്നാലെന്തു്? ഇല്ലെങ്കിലെന്തു്? മായാകാൎയ്യമായ സംസാരത്തിലല്ലാതെ മായയിൽ വിരക്തി ഒരു പണ്ഡിതനെന്നു വേണ്ട ആൎക്കെങ്കിലും ഉണ്ടാകുന്നതാണോ? അങ്ങിനെ ഒരു പണ്ഡിതൻ വ്യാഖ്യാനിക്കുമോ? ഇത്തരം വ്യാഖ്യാനവൈഭവം വിചിത്രമെന്നല്ല, വിചിത്രതരമെന്നുമല്ല, വിചിത്രതമം എന്നു തന്നെ പറയണം. "മായ (അനാദിയും വിദ്യാവിനിവൎത്ത്യയും, അഘടിതഘടനാപടീയസിയുമായ ബ്രഹ്മശക്തി) മിഥ്യ (സദസദ്വിലക്ഷണ)യാണെന്നു് അറിഞ്ഞു് അതിൽ ഒരു പണ്ഡിതൻ വിരക്തനാകുന്നതുപോലെ ഉൎവ്വശി കുലടയാണെന്നറിഞ്ഞു അവളിൽ അൎജ്ജുനൻ വെറുപ്പോടുകൂടിയവനായി ഭവിച്ചു" എന്നു തന്നെയല്ലേ വിദ്യാൎത്ഥിയുടെ 'സമാസോക്തിരിത്യാവ്യാഖ്യാന'ത്തിന്റെ സാരം? അഥവാ അപ്രസ്തുതവൃത്താന്തത്തിലെ മായയോടു പണ്ഡിതന്നോ പണ്ഡിതന്റെ വിരക്തിക്കോ സംബന്ധമില്ലെന്നോ, 'വിദ്യാൎത്ഥി'യുടെ 'കവികുലചക്രവൎത്തിയായ തമ്പുരാൻ അങ്ങിനെ ഒരു സംബന്ധം വിവക്ഷിച്ചിട്ടില്ലെന്നോ മറ്റോ പറയുമോ?

ശ്രീമാൻ, പി കൃഷ്ണൻനായർ സമാസോക്തിയെ വിട്ടു പ്രകൃതാപ്രകൃതശ്ലേഷം സ്വീകരിച്ചതിന്നു കാരണമെന്താണെന്നു ഇപ്പോഴെങ്കിലും 'വിദ്യാർത്ഥി'ക്കു മനസ്സിലായോ എന്നറിയുന്നില്ല. പ്രകൃതാപ്രകൃതശ്ലേഷത്തെ നിരസിച്ചു സമാസോക്തിയേ സമർത്ഥിക്കുവാൻ പുറപ്പെട്ട 'വിദ്യാർത്ഥി'യുടെ സംരംഭം എങ്ങിനെയാണു് പരിണമിച്ചതു് എന്നു് ഇത്രയും പ്രസ്താവിച്ചതിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. "നമ്മുടെ ഭാഷയിലാകട്ടെ സാധാരണമായി കണ്ടുവരുന്ന എഴുത്തുകാർ എന്ന വർഗ്ഗത്തിനു് ഒരു വിഷയത്തിലും പറയത്തക്ക പരിജ്ഞാനമില്ല" എന്നു ലേഖകവർഗ്ഗത്തെ അടച്ചാക്ഷേപിക്കുവാൻ ധാർഷ്ട്യമുണ്ടായ ലേഖകന്റെ ശാസ്ത്രപരിജ്ഞാനത്തിനു് എത്രത്തോളം ആഴമുണ്ടെന്നു മാന്യവായനക്കാർ ഇപ്പോൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുമെന്നു വിചാരിക്കുന്നു.

നവ്യപ്രഭാതം.

ജി. ശങ്കരക്കുറുപ്പ്.

൧

ശാന്തം നിശാന്തം; ഗൃഹത്തിന്റെ മുററത്തു
ഞാന്തനിച്ചെത്തി വികസ്വരകൌതുകം.

സ്വാമിതൻകോവിലിൽ നിന്നുകേൾക്കായുട-
ന്നോമിതി മന്ത്രമധുര ശംഖാരവം;

പള്ളിയിൽനിന്നുമണകയായ് ശാന്തിതൻ
തുള്ളിപോൽ മോഹനമാം മണിനാദവും;

ആ രണ്ടുമൊന്നായ് ചമഞ്ഞുളവാകിയ
നീരന്ധ്രനിർവൃതിവീചിയിൽമുങ്ങിഞാൻ.

൨

നവ്യപ്രഭാതാവതാരത്തെയാദ്യമേ
ദിവ്യമാം കാഴ്ചയാൽ കണ്ടൊരു 'ശുക്രനും'

കുന്ദഗൌരാംഗം വിശുദ്ധമാക്കിജ്ജവാൽ
വന്ദനം ചെയ്യുവാൻ വന്നു സന്നദ്ധനായ്.

ഉത്സംഗസീമ്നി കിടന്നുറങ്ങീടുന്ന
വത്സയാം പാരിനെ സ്നേഹപരവശം

ആനന്ദബാഷ്പം പൊടിഞ്ഞുനോക്കിത്തദാ
വാനമിരിക്കയാണുന്മിഷത്താരമായ്.

നാകം ചുമക്കും ദയാസ്നേഹഭാരമീ
ലോകമറിഞ്ഞിരുന്നെങ്കിൽ! — തൊഴുതു ഞാൻ

കൂമ്പിയൊരെൻകണ്ണിമയിലും പുല്ക്കൊടി-
ക്കുമ്പിലും കാണായി നിർവൃതി തൻകണം.

൩

'ഇന്നലത്തെപ്പാഴിരുൾത്തുറുങ്കിങ്കൽനി-
ന്നിന്നത്തെ ദിവ്യപ്രഭയിലേയ്ക്കെത്തുക!'

കോഴികളിങ്ങനെ ഘോഷിച്ചു സുപ്തയാ-
മൂഴിയോടായിട്ടുണർത്തുന്ന ഭാഷയിൽ.

പാരിന്നു ഭംഗിയും കാഴ്ചയുമേകുവാൻ
പാരിക്കുമുത്സാഹമാർന്ന തേജസ്സുകൾ

സ്നേഹമോടിങ്ങോട്ടിറങ്ങിയപോലവേ
ഗേഹങ്ങൾതോറും വിളങ്ങീ വിളക്കുകൾ.

ഭൂവിൻെറകൈയിൽ നിന്നൂർന്നു വീണിടുന്ന
രാവിൻെറ ചങ്ങലതൻ കിലുക്കങ്ങളാൽ

പാരംമുഖരമായന്തരീക്ഷാന്തമ-
ന്നേരം കിളികളുണർന്നു ചിലയ്ക്കവേ.

൪

'ഇന്നിനു'വേണ്ടും മഹാ'വിപ്ലവ'ത്തിൻെറ
മുന്നിലെ ധ്വനിവാരാശയംപോലവേ

മന്നിൻെറ നിദ്രാലുജീവിതത്തെപ്പിടി-
ച്ചൊന്നിച്ചിളക്കിച്ചിരിച്ചു സമീരണൻ;

ജീവിതത്തിൻെറ സിരകളിലൊക്കെയു-
മാവിർഭവിച്ചെൻ നാട്ടുമുണർന്നുപോയ്.

ഇന്നലത്തേതായ ജീർണ്ണപത്രങ്ങളു-
മിന്നലത്തേതാം തടിച്ചെഴുമാന്ദ്യവും

'ഇന്നലയെ'പ്പുൽകി നിൽക്കുമാലസ്യവു-
മൊന്നകത്താതെയിത്തെന്നലടങ്ങുമോ?

ജീവിതത്തിന്നസങ്കല്പസഞ്ചയം
ഭൂവിൽത്തളിരിടാൻ താമസിച്ചീടുമോ?

നിന്നിടും നില്പിൽനിന്നൊന്നു മിളകാത്ത
കുന്നിൻ നിഴലീ വെളിച്ചം വിഴുങ്ങുമോ?

൫

വന്ദനം നവ്യപ്രകാശം വിതയ്ക്കുന്ന,
മന്ദത തീണ്ടാത്ത ധീരദിവസമേ!

ജീവിതമെന്നാൽ വികാസം; വികാസമോ
ഭാവിയിൽ ചെയ്യും സഫലമാമാക്രമം.

ജീവിതത്തിന്നു വികാസവും ചൂട്ടമി-
ങ്ങാവിഷ്കരിക്കുവാൻ വന്ന തേജോമയ,

മേടുകൾ നൽകുന്നു രത്നപീഠം തവ;
കാടുകൾ തീക്കുന്നു നല്ല പൂച്ചെണ്ടുകൾ;

മെച്ചമായ് വക്കത്തരുവിക്കരയിട്ട
പച്ചവിരിപ്പു വിരിപ്പുമെത്തയാവും

പാദങ്ങളേക്കൊണ്ടു ഞങ്ങൾതൻ നാടിനെ
പ്ലാവനമാക്കാൻ തെളിഞ്ഞരുളേണമേ!

സൗരകിരണവിനിർമ്മിത മായനിൻ
ഗൗരപതാകയിനിയുമുയരുക.

ഗ്രന്ഥവിഹാരം.

ഭാഷാനൈഷധ ചമ്പൂവ്യാഖ്യാനം.

(വ്യാഖ്യാതാവു് — പാട്ടത്തിൽ പത്മനാഭമേനോൻ.)

ചമ്പൂപ്രസ്ഥാനംകൊണ്ടു കൈരളീദേവിക്കുണ്ടായിട്ടുള്ള പ്രശസ്തി അനിതരസാധാരണമാണു്. ഈ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിട്ടുള്ളവരിൽ അഗ്രേസരന്മാർ പുനം, മഴമംഗലം മുതലായവരത്രെ. ഈ സഹൃദയശിരോമണികളായ കവികളുടെ യശസ്സു കേരളഭാഷയുള്ളിടത്തോളം കാലം നിലനില്ക്കുന്നതാണു്.

സംസ്കൃതഭാഷാഭ്യാസത്തിനു കേരളത്തിൽ പ്രചുരമായ പ്രചാരമുണ്ടായിരുന്ന കാലത്തു ചമ്പൂഗ്രന്ഥങ്ങൾ മനസ്സിലാക്കുന്നതിനു പറയത്തക്ക പ്രയാസമൊന്നും അനുവാചകർക്കുണ്ടായിരുന്നില്ല. എന്നാൽ, ഇന്നത്തെ സ്ഥിതി തുലോം വ്യത്യസ്തമാണു്. ചമ്പുക്കൾ എന്നു പറയുമ്പോൾത്തന്നെ നെററി ചുളിക്കുന്നവരാണു് ഇന്നത്തെ യുവസാഹിത്യകാരന്മാരിൽ പലരും അതിനു കാരണം അവരുടെ സംസ്കൃതാനഭിജ്ഞത ഒന്നുമാത്രമാണു്. ഈ സ്ഥിതിക്കു മലയാളത്തിലെ സംസ്കൃതപ്രചുരങ്ങളായ ഗ്രന്ഥങ്ങൾക്കു് എല്ലാംതന്നെ വ്യാഖ്യാനം അത്യാവശ്യകമായിരിക്കുന്നു. ഈ വാസ്തവം നേരത്തേതന്നെ കണ്ടറിഞ്ഞു മഹിഷമംഗലത്തു നമ്പൂരിയുടെ ഭാഷാനൈഷധചമ്പൂവിനു പ്രൌഢമായ ഒരു വ്യാഖ്യാനമെഴുതി പ്രസിദ്ധം ചെയ്യുതിനാൽ പാട്ടത്തിൽ പത്മനാഭമേനോനവർകൾ സകല കേരളീയരുടേയും ഹാർദ്ദമായ കൃതജ്ഞതക്കു പാത്രമായിത്തീർന്നിരിക്കുന്നു.

ഭാഷാനൈഷധചമ്പു ഇതിനുമുമ്പുതന്നെ മുദ്രണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ആ പ്രസിദ്ധീകരണം, പാട്ടത്തിൽ പത്മനാഭമേനോനവർകളുടെ "പ്രാഞ്ജലി" വ്യാഖ്യാനത്തോടും പണ്ഡിതസാർവ്വഭൌമന്മാരായ ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ, വടക്കുംകൂർ രാജരാജവർമ്മ അവർകൾ എന്നിവരുടെ ആമുഖോപന്യാസങ്ങളോടും കൂടിയ പ്രസ്തുത പ്രസിദ്ധീകരണം ഭാഷക്കു് അനർഘമായ ഒരലങ്കാരമാണെന്നു സർവ്വസഹൃദയന്മാരും സമ്മതിക്കുന്നതാണു്.

'മഹൽകൃതികളെ വ്യാഖ്യാനിക്കുക എന്ന കൃത്യം ശരിയായി നിർവ്വഹിക്കുന്നപക്ഷം അതിനു സാഹിത്യലോകത്തിൽ ഒരുച്ചസ്ഥാനം സിദ്ധിക്കുവാനർഹതയുണ്ടെ'ന്നുള്ള അഭിപ്രായത്തെ സ്ഥാപിക്കുന്നതിനുള്ള ഒരു മകുടോദാഹരണമാണു് പ്രസ്തുതമായ 'പ്രാഞ്ജലി' വ്യാഖ്യാനം. സം

സ്കൃതഭാഷയിൽ ദൃഢമായ വ്യുൽപത്തി സമ്പാദിച്ചിട്ടില്ലാത്ത ആളുകൾക്ക് അതിഗഹനമായിത്തോന്നിയേക്കാവുന്ന പല പദ്യങ്ങളും ലളിതമായവിധത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. ആവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ ഐതിഹ്യങ്ങളും പദങ്ങളുടെ അവയവാർത്ഥങ്ങളും വൃത്താലങ്കാരാദികളും ചേർത്തു വ്യാഖ്യാനത്തിന്നൊരു പരിപൂർണ്ണത സമ്പാദിക്കുവാനും ശ്രമിക്കാതിരുന്നിട്ടില്ല. സന്ദർഭത്തിനു അനുചിതമെന്നു തോന്നിയേക്കാവുന്ന പാഠങ്ങൾ മാറി ഉചിതതരങ്ങളായ പാഠങ്ങൾ ചേർക്കുന്ന കാര്യത്തിലും മിസ്റ്റർ മേനോൻ ദത്തശ്രദ്ധനായിട്ടുണ്ട്. ഇതുവരെയുള്ള പ്രസ്താവംകൊണ്ടു ഈ വ്യാഖ്യാനത്തിന്റെ ഗുണഗരിമ വായനക്കാർക്കു മനസ്സിലായിരിക്കുമെന്നു വിശ്വസിക്കുന്നു. പ്രസ്തുത വ്യാഖ്യാനത്തിന്റെ ദോഷഭാഗംകൂടി അല്പം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. അപ്രകാരം ചെയ്യില്ലെങ്കിൽ നിരൂപകധർമ്മം യഥാവിധി അനുഷ്ഠിക്കപ്പെട്ടു എന്നു വരുന്നതല്ല.

അനഭ്യസ്തസംസ്കൃതന്മാരായ ആളുകളുടെ ആവശ്യത്തെ ലാക്കാക്കിയാണല്ലോ വ്യാഖ്യാനം നിർമ്മിച്ചിട്ടുള്ളതു്. ആ ഉദ്ദേശ്യം എത്രത്തോളം നിർവ്വഹിക്കപ്പെട്ടിട്ടുണ്ടെന്നു് ഒന്നു പരിശോധിച്ചുനോക്കാം. മിക്ക പദ്യങ്ങളുടേയും വൃത്താലങ്കാരാദികൾ നിർണ്ണയിക്കുന്ന സന്ദർഭങ്ങളിൽ സംസ്കൃതത്തിലുള്ള വൃത്താലങ്കാരലക്ഷണങ്ങളാണു് വ്യാഖ്യാതാവു് ഉദ്ധരിച്ചുകാണുന്നതു്. മലയാളത്തിൽത്തന്നെ ലക്ഷണകാരികകൾ ഉള്ള സ്ഥിതിക്കു് ഈദൃശമായ ഉദ്ധരണം അസംഗതമെന്നുതന്നെ ഞങ്ങൾക്കു തോന്നുന്നു. വ്യാഖ്യാനത്തിന്റെ അതിവിസ്തരം നിമിത്തം അനുവാചകന്മാർക്കു് അർത്ഥഗ്രഹണത്തിനു പ്രയാസം നേരിടുന്ന സന്ദർഭങ്ങളും സുലഭമാണു്. പദ്യഗദ്യങ്ങളുടെ അർത്ഥവും സ്വാരസ്യവും വിശദമാകത്തക്കവിധത്തിലുള്ളതും നാതിവിസ്തൃതവുമായ ഒരു വ്യാഖ്യാനപദ്ധതിയാണു് ഇന്നത്തെ സ്ഥിതിക്കു മലയാളഗ്രന്ഥങ്ങൾക്കു് ആവശ്യമായിട്ടുള്ളതു്. ഇനി, വ്യാഖ്യാനത്താൽ വല്ല സ്ഖാലിത്യവും കടന്നുകൂടിയിട്ടുണ്ടോഎന്നുകൂടി ഒന്നു പരിശോധിച്ചുനോക്കാം.

പൂർവ്വഭാഗത്തിലെ "മാരാതങ്കവശംവദേന" എന്നു തുടങ്ങുന്ന പദ്യത്തിന്റെ വ്യാഖ്യാനത്തിൽ "ഔദാസിന്യംന" എന്നതിനുശേഷം യോഗ്യം എന്നോ 'കർത്തവ്യം' എന്നോ "ഉചിതം" എന്നോ അർത്ഥാൽ അന്തർഭവിച്ചിട്ടുള്ളതായി എടുക്കണം" എന്നു വ്യാഖ്യാതാവു പറഞ്ഞിട്ടുള്ള അഭിപ്രായം സ്വീകാര്യമായിത്തോന്നുന്നില്ല. പ്രസ്തുതപദ്യത്തിന്റെ ഉത്തരാർദ്ധത്തിലുള്ള 'സാമ്പ്രതം' എന്ന പദത്തിനു് ഇപ്പോൾ എന്നു് അർത്ഥം കൊടുത്തിട്ടുള്ളതു് അയുക്തമാണെന്നാണു് ഞങ്ങളുടെ

അഭിപ്രായം. 'സാമ്പ്രതം' എന്ന പദത്തിനു് 'ഉചിതം' എന്ന അൎത്ഥമുള്ളതിനാൽ ഔദാസീന്യം സാമ്പ്രതം ന' എന്നന്വയം കല്പിച്ചു് 'ഔദാസീന്യം ഉചിതമല്ലാ എന്നു വ്യാഖ്യാനിക്കുന്നതാണു്. സമഞ്ജസമായിട്ടുള്ളതു. അല്ലാതെ, സാമ്പ്രതം' എന്ന പദത്തിനു് 'ഇപ്പോൾ' എന്നൎത്ഥം കൊടുത്തു് 'യുക്താ'ൎത്ഥകപദങ്ങൾ അൎത്ഥാൽ അന്തൎഭവിച്ചിട്ടുള്ളതായി പറയുന്നതു യുക്തമെന്നു തോന്നുന്നില്ല.

"ശ്യാമാവധൂഹൃദയപല്ലവവല്ലഭൻ' എന്ന പദത്തിനു് "ശ്യാമകളായ വധുക്കളുടെ ഹൃദയങ്ങളെ പല്ലവമാക്കുന്നതിൽ (ആൎദ്രമാക്കിത്തീൎക്കുന്നതിൽ) വല്ലഭൻ "എന്ന അൎത്ഥം ശരിയാണോ എന്നു ഞങ്ങൾക്കു സംശയമുണ്ടു്. 'ശ്യാമയായ വധുവിന്റെ ഹൃദയത്തിലെ പല്ലവത്തിന്റെ (ശൃംഗാരത്തിന്റെ) വല്ലഭൻ' എന്ന അൎത്ഥവും കുറെ ക്ലിഷ്ടമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ആ പദത്തിനു് സ്വാരസ്യമായി തോന്നുന്ന അൎത്ഥം 'ശ്യാമകളായ വധുക്കളുടെ പല്ലവങ്ങൾപോലെയുള്ള ഹൃദയങ്ങളുടെ വല്ലഭൻ' എന്നതാണു്.

അലങ്കാരനിൎണ്ണയവിഷയത്തിൽ വ്യാഖ്യാതാവു് അസമൎത്ഥനായി കാണപ്പെടുന്നുണ്ടു്. "കാൎക്കുന്തൽ കാൎമേഘംപോലെ കറുത്ത തലമുടി എന്നു രൂപകം" എന്നും ബിംബാധരം ബിംബഫലംപോലെ ചുവന്ന ചുണ്ടു് എന്നു രൂപകം" എന്നും പ്രസ്താവിച്ചിരിക്കുന്നതു് പ്രഥമദൃഷ്ടിയിൽതന്നെ അബദ്ധമാണെന്നു ആൎക്കും മനസ്സിലാകുന്നതാണല്ലോ. പൂൎവ്വഭാഗത്തിലെ 'ആദായവഹൃദന്തരാൽ' എന്നു തുടങ്ങുന്ന പദ്യത്തിൽ 'ഇവ' ശബ്ദം കണ്ടുഭ്രമിച്ചു് 'ശ്രൌത്യുപമ'യാണെന്നു വ്യാഖ്യാതാവു് പ്രസ്താവിച്ചിരിക്കുന്നു. ഉൽപ്രേക്ഷാവാചകമായിട്ടുള്ള 'ഇവ' ശബ്ദമാണു് ഇവിടെ പ്രയോഗിച്ചിരിക്കുന്നതു്.

'പ്രസ്രുതങ്ങൾ, ഐക്യതമുതലായ പദങ്ങൾ ധാരാളമായി വ്യാഖ്യാനത്തിൽ പ്രയോഗിച്ചുകാണുന്നു. ഇത്തരം പ്രയോഗങ്ങൾ ഏതു വ്യാകരണപ്രകാരമാണു് ശരിയാകുന്നതെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. അനന്യസാധാരണമെന്ന അൎത്ഥത്തിൽ 'അനന്യാദൃശം' എന്നു് പ്രയോഗിച്ചുകാണുന്നുണ്ടു്. 'അനന്യാദൃശം' എന്ന പദത്തിനു 'അന്യസാധാരണം' എന്നല്ലേ അൎത്ഥം?

ഈ വ്യാഖ്യാനത്തിൽ ആദരിച്ചിട്ടുള്ള പാഠഭേദങ്ങളെക്കുറിച്ചും ഞങ്ങൾക്കു അഭിപ്രായഭേദമുണ്ടെങ്കിലും വിസ്തരഭയം നിമിത്തം ഇവിടെ അതെല്ലാം ചൂണ്ടിക്കാണിക്കണമെന്നു വിചാരിക്കുന്നില്ല.

'സ്ഥാലീപുലാകന്യായേന' ചില സ്ഖാലിത്യങ്ങൾ ചൂണ്ടിക്കാ

ണിച്ചുവെന്നേയുള്ളു. അനേകം സ്ഖാലിത്യങ്ങൾ ഈ വ്യാഖ്യാനത്തിൽ സ്ഥലംപിടിച്ചിട്ടുണ്ടെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല.

ഇത്രയും പ്രസ്താവിച്ചതുകൊണ്ടു ഈ വ്യാഖ്യാനം മുഴുവനും അബദ്ധജടിലമാണെന്ന് ആരും വിചാരിച്ചുപോകരുത്. മി. പട്ടത്തിൽ പത്മനാഭമേനോന്റെ വളരെക്കാലത്തെ പരിശ്രമത്തിന്റെ ഫലമാണ് ഈ വ്യാഖ്യാനമെന്നു അദ്ദേഹം മുക്തകണ്ഠം പ്രസ്താവിച്ചിട്ടുണ്ടു. ഇത്രത്തോളം കാലം വ്യയംചെയ്തു സകല ബുദ്ധിമുട്ടുകളും സഹിച്ചു വിസ്തൃതവും വിജ്ഞാനപ്രദവുമായ ഈ വ്യാഖ്യാനം രചിച്ചതിനു കേരളീയരെല്ലാവരും എന്നെന്നേയ്ക്കും അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നുവെന്നു പറയാതെ ഗത്യന്തരമില്ല. ജിജ്ഞാസുവായ ഒരു വിദ്യാർത്ഥിക്കു ഈ വ്യാഖ്യാനം വളരെ ഉപകരിക്കുന്നതാണ്.

(പി. വി. കെ.)